بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാള്യം 1

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

ലക്കം 4

വാർഷിക വരിസംഖ്യ 300 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മാഈൽ

www.akhbarbadarqadian.in

2016 മാർച്ച് 31 /ഹി:ശം:1395 അമാൻ 31/ഹി:ഖ: 1437 ജ:ആഖർ 21


## അഹ്മദിയ്യാ വാർത്ത

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീ ൻ ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അയ്യദഹുല്ലാഹുതആലാ ബിനസ്രിഹിൽ അസീസ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അൽഹംദുലില്ലാഹ്. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ.

اَللّٰھُمَّ اَیِّدۡ اِمَامَنَا بِرُوۡحِ الۡقُدُسِ وَبَارِکۡ لَنَا فِیۡ عُمُرِہٖ وَاَمۡرِہٖ

**നിങ്ങൾക്ക് രണ്ടാമത്തെ ദിവ്യ ശക്തി പ്രഭാവം ദർശിക്കേണ്ടത് അത്യാവശ്യമാകുന്നു. അതിന്റെ ആഗമനം നിങ്ങൾക്ക് ഗുണകരമാണ്. എന്തുകൊണ്ടെന്നാൽ അത് ശാശ്വതവും അതിന്റെ ശൃംഖല അന്ത്യനാൾ വരെ മുറിഞ്ഞു പോകാത്തതുമാണ്. ഞാൻ പോകാത്തിടത്തോളം രണ്ടാമത്തെ ശക്തിപ്രഭാവം വരിക സാധ്യമല്ല. ഞാൻ പോയാൽ, അല്ലാഹു നിങ്ങൾക്കുവേണ്ടി രണ്ടാം ശക്തിപ്രഭാവത്തെ അയക്കും. അതെപ്പോഴും നിങ്ങളോടൊപ്പം ഉണ്ടായിരിക്കും.**

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ**

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:"ഖലീഫ എന്നു പറയുന്നത് പ്രതിനിധിക്കാണ്. പ്രതിച്ഛായ എന്ന നിലയിൽ റസൂലിന്റെ വൈഭവങ്ങൾ ഉൾക്കൊള്ളുന്നവൻ മാത്രമേ യഥാർഥ അർഥങ്ങളുടെ അടിസ്ഥാനത്തിൽ റസൂലിന്റെ പ്രതിനിധി ആകുകയുള്ളൂ. ഇതുകൊണ്ട് നബി(സ)തിരുമേനി അക്രമികളായ രാജാക്കന്മാരോട് ഖലീഫ എന്ന പദം യോജിപ്പിച്ചു പറയുന്നത് ഇഷ്ടപ്പെട്ടിരുന്നില്ല. എന്തുകൊണ്ടെന്നാൽ ഖലീഫ യഥാർഥത്തിൽ റസൂലിന്റെ (ദൈവദൂതന്റെ)പ്രതിച്ഛായയാണ്. ഒരു മനുഷ്യനും അനശ്വരമായ നിലയിൽ നിലനില്പില്ല. അതുകൊണ്ടാണ് ദുൻയാവിലെ എല്ലാ അസ്തിത്വങ്ങളെക്കാളും ശ്രേഷ്ഠവും പ്രഥമവുമായ റസൂൽമാരുടെ അസ്തിത്വത്തെ പ്രതിച്ഛായപരമായ നിലയിൽ എന്നെന്നേക്കും -ഖിയാമത്തുന്നാൾവരെ നിലനിറുത്താൻ അല്ലാഹു തീരുമാനിച്ചത്. ഇതേ ഉദ്ദേശ്യത്തോടുകൂടി, ലോകം ഒരിക്കലും ഒരു കാലത്തും പ്രവാചകത്വത്തിന്റെ അനുഗ്രഹങ്ങളിൽനിന്ന് പിന്തള്ളപ്പെടാതിരിക്കാൻ അല്ലാഹു ഖിലാഫത്തിനെ ആസൂത്രണം ചെയ്തു." (ശഹാദത്തുൽ ഖുർആൻ റൂഹാനീ ഖസായിൻ വാള്യം 6 പേജ് 353)

ഇത് അല്ലാഹുവിന്റെ സനാതന നിയമമാകുന്നു. അവൻ മനുഷ്യനെ ഈ ഭൂമിയിൽ സൃഷ്ടിച്ചതു മുതൽക്കേ പ്രവാചകന്മാരേയും ദൂതൻമാരേയും സഹായിക്കുന്നതിനും അവർക്ക് വിജയം നൽകുന്നതിനുംവേണ്ടി ഈ നിയമം സദാ പ്രകടമാക്കിക്കൊണ്ടിരിക്കുന്നു. അല്ലാഹു പറയുന്നു. കതബല്ലാഹുല അഗ്‌ലിബന്ന അന വ റുസുലീ(58:22)

വിജയം കൊണ്ടുള്ള വിവക്ഷിതം ഇതാണ്: പ്രവാചകൻമാരുടേയും ദൂതൻമാരുടേയും ഉദ്ദേശ്യം അല്ലാഹുവിന്റെ ഭൂമിയിൽ പൂർത്തിയാകുകയും ആർക്കും അതിനെ എതിരിടാൻ കഴിയാതിരിക്കുകയും ചെയ്യുകയെന്നതാണ്. അതേപോലെ അല്ലാഹു അവരുടെ സത്യം ലോകത്ത് ശക്തമായ ദൃഷ്ടാന്തങ്ങൾ മുഖേന വെളിപ്പെടുത്തുന്നു. അവർ ലോകത്ത് പ്രചരിപ്പിക്കുവാൻ ആഗ്രഹിക്കുന്ന സന്മാർഗത്തിന്റെ ബീജാവാപം അവരുടെ കരങ്ങളാൽ ചെയ്യിക്കുന്നു. എന്നാൽ, ഇതിന്റെ പൂർത്തീകരണം അവരുടെ കരങ്ങളാൽ നിർവ്വഹിപ്പിക്കപ്പെടുന്നില്ല. മറിച്ച്, ബാഹ്യമായി പരാജയ ഭീതി നിലനിൽക്കെ അവൻ അവർക്ക് (പ്രവാചകന്മാർക്ക്) മരണം നൽകുന്നു. ഇതിലൂടെ എതിരാളികൾക്ക് പിരിഹാസങ്ങളും കുത്തുവാക്കുകളും, നിന്ദാവചനങ്ങളും ചൊരിയാൻ അവൻ അവസരം നൽകുന്നു. അങ്ങനെ അവർ പരിഹസിക്കുന്നത് പാരമ്യത്തിലെത്തിയതിനു ശേഷം അവൻ തന്റെ ശക്തിയുടെ മറ്റൊരു കരം പ്രത്യക്ഷപ്പെടുത്തുന്നു. അങ്ങനെ ഏറെക്കുറെ അപൂർണതയിൽ കിടന്നിരുന്ന പ്രസ്തുത ഉദ്ദേശ്യങ്ങൾ പരിപൂർണത പ്രാപിക്കുന്നതിനു വേണ്ട സാഹചര്യങ്ങൾ അവൻ സൃഷ്ടിക്കുന്നു.

ചുരുക്കത്തിൽ രണ്ട് വിധത്തിലുള്ള ദിവ്യശക്തിപ്രഭാവങ്ങളാണ് വെളിപ്പെടുന്നത്. ഒന്നാമതായി പ്രവാചകൻമാരുടെ കരങ്ങളിലൂടെ അല്ലാഹു സ്വയം തന്റെ ദിവ്യശക്തിയുടെ ഹസ്തം പ്രകടമാക്കുന്നു. രണ്ടാമതായി പ്രവാചകന്റെ വഫാത്തിനുശേഷം പ്രയാസങ്ങളെ അഭിമുഖീകരിക്കേണ്ടിവരികയും ശത്രുക്കൾ ശക്തിയാർജിക്കുകയും പ്രവർത്തനങ്ങൾ താറുമാറായെന്ന് കരുതപ്പെടുകയും ജമാഅത്ത് നാമാവശേഷമാവുമെന്നു ശത്രുക്കൾ ഉറപ്പാക്കുകയും ചെയ്യുന്നു. കൂടാതെ ജമാഅത്തിലെ അംഗങ്ങൾ അങ്കലാപ്പിലകപ്പെടുകയും അവരുടെ സ്ഥൈര്യം ചോർന്ന് പോവുകയും, തുടർന്നു പല നിർഭാഗ്യവാന്മാരും മുർത്തദ്ദാവാനുള്ള (മതനിരാസം) വഴി അവലംബിക്കുകയും ചെയ്യുന്നു. അപ്പോൾ അല്ലാഹു തന്റെ അതിമഹത്തായ ദിവ്യശക്തി ഒരിക്കൽകൂടി വെളിപ്പെടുത്തിക്കൊണ്ട് വീഴാനാവുന്ന ജമാഅത്തിനെ സംരക്ഷിക്കുന്നു. അതിനാൽ അന്ത്യംവരെ സഹനം കൈക്കൊള്ളുന്നവർ അല്ലാഹുവിന്റെ ഈ അത്ഭുതദൃഷ്ടാന്തം ദർശിക്കുന്നതാണ്. ഹദ്റത്ത് അബൂബക്കർ സിദ്ദീഖി(റ)ന്റെ കാലത്ത് സംഭവിച്ചതുപോലെ, ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)തിരുമേനിയുടെ വേർപാട്. അകാലത്തുണ്ടായ ഒരു വേർപാടായിരുന്നുവെന്നു മനസ്സിലാക്കപ്പെടുകയും ദു:ഖഭാരത്താൽ സ്വഹാബാക്കൾ പരിഭ്രാന്തരാവുകയും വളരെയേറെ ഗ്രാമീണവാസികൾ ഇസ്‌ലാംമതം ഉപേക്ഷിക്കുകയും ചെയ്തു. അപ്പോൾ അല്ലാഹു ഹദ്റത്ത് അബൂബക്കർ സിദ്ദീഖി(റ)നെ എഴുന്നേൽപ്പിച്ചുകൊണ്ട് വീണ്ടും തന്റെ ദിവ്യശക്തിയുടെ മാതൃക കാണിക്കുകയും ഇസ്‌ലാമിനെ നാമാവശേഷമാക്കപ്പെടുന്നതിൽനിന്ന് താങ്ങിനിറുത്തുകയും ചെയ്തു. വലയുമക്കിനന്ന ലഹും ദീനഹുമുല്ലദിർത്തളാ ലഹും വലയുബദ്ദിലന്നഹും മിൻ ബഅ്ദി ഖൗഫിഹിം അംനാ(24:56)"ഭയത്തിനുശേഷം നാം അവരുടെ കാൽപാദങ്ങളെ സുദൃഢമാക്കും." (അൽവസിയ്യത്ത് റൂഹാനീ ഖസായിൻ വാള്യം 20 പേജ് 304-305)

അതുകൊണ്ട് അല്ലയോ പ്രിയപ്പെട്ടവരേ! എതിരാളികളുടെ നിരർഥങ്ങളായ രണ്ട് ആഹ്ലാദങ്ങളെ തകർക്കുന്നതിനുവേണ്ടി തന്റെ സനാതന നടപടിയനുസരിച്ച് ഇപ്രകാരം അല്ലാഹു രണ്ടുവിധം ദിവ്യശക്തികൾ പ്രകടമാക്കുന്നു. ആയതിനാൽ ഇനി അല്ലാഹു തന്റെ സനാതനമായ നടപടിക്രമം ഉപേക്ഷിച്ചു കളയുമെന്നത് സംഭാവ്യമല്ല. അതിനാൽ ഞാൻ നിങ്ങളോട് വിവരിച്ച ഈ കാര്യങ്ങൾ കാരണം നിങ്ങൾ കുണ്ഠിതരും മന:ക്ലേശമുള്ളവരും ആകരുത്. എന്തെന്നാൽ, നിങ്ങൾക്ക് രണ്ടാമത്തെ ദിവ്യശക്തി പ്രഭാവം ദർശിക്കേണ്ടത് അത്യാവശ്യമാകുന്നു. അതിന്റെ ആഗമനം നിങ്ങൾക്ക് ഗുണകരമാണ്! എന്തുകൊണ്ടെന്നാൽ അത് ശാശ്വതവും അതിന്റെ ശൃംഖല അന്ത്യനാൾവരെ മുറിഞ്ഞുപോകാത്തതുമാണ്. ഞാൻ പോകാത്തിടത്തോളം രണ്ടാമത്തെ ദിവ്യശക്തി വരാൻ സാധ്യമല്ല. ഞാൻ പോയാൽ, അല്ലാഹു നിങ്ങൾക്കു വേണ്ടി രണ്ടാം ദിവ്യശക്തിയെ അയക്കും. "ബറാഹീനെ അഹ്മദിയ്യാ"യിലെ അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് അത് എപ്പോഴും നിങ്ങളോടൊപ്പം ഉണ്ടായിരിക്കും. ആ വാഗ്ദാനം എന്നെക്കുറിച്ചുള്ളതല്ല. മറിച്ച്, അത് നിങ്ങളെപ്പറ്റിയുള്ളതാകുന്നു. അല്ലാഹു പറയുന്നു "നിന്നെ പിൻപറ്റുന്ന ഈ ജമാഅത്തിന് അന്യരുടെമേൽ അന്ത്യദിനംവരെ ഞാൻ വിജയം നൽകുന്നതാണ്." അതിനാൽ എന്റെ വേർപാടിന്റെ ദിനം നിങ്ങളിൽ പ്രകടമാകേണ്ടതും അനന്തരം ശാശ്വത വാഗ്ദാനത്തിന്റെ ദിനം വെളിപ്പെടുടേണ്ടതും നിർബന്ധമാകുന്നു. നമ്മുടെ ദൈവം സത്യവാനും വിശ്വസ്തനും വാഗ്ദാനം പാലിക്കുന്നവനുമാണ്. അവൻ വാഗ്ദാനം ചെയ്തതെല്ലാം നിങ്ങൾക്ക് കാണിച്ചുതരുന്നതാണ്. ഈ ദിവസം ലോകവസാനത്തിന്റെ ദിനമായാലും വലിയ ആപത്തുകൾ ഇറങ്ങേണ്ട സമയമായാലും അവൻ വിവരം അറിയിച്ച കാര്യങ്ങല്ലാം പൂർത്തിയാകുന്നതുവരെ ഈ ലോകം നിലനിൽക്കുകതന്നെ ചെയ്യും. ഞാൻ അല്ലാഹുവിന്റെ ഭാഗത്തുനിന്ന് ഒരു ദിവ്യശക്തിയുടെ രൂപത്തിലാണ് വന്നിട്ടുള്ളത്. ഞാൻ ഒരു ദൈവിക സമ്പൂർണശക്തി പ്രഭാവവുമാകുന്നു. എനിക്കുശേഷം ചില വ്യക്തികളുണ്ടാവും. അവർ രണ്ടാം ദിവ്യശക്തിയുടെ പ്രതീകങ്ങളായിരിക്കും. അതിനാൽ നിങ്ങളെല്ലാവരും ഒത്തുചേർന്ന് അല്ലാഹുവിന്റെ രണ്ടാം ദിവ്യശക്തിയെ പ്രതീക്ഷിച്ചുകൊണ്ട് പ്രാർഥനയിൽ നിരതരാവുക. "

*(അൽവസിയ്യത്ത് റൂഹാനീ ഖസായിൻ വാള്യം 20 പേജ് 305-306)*


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖിലാഫത്തിന്റെ ആവശ്യകതയും പ്രാധാന്യവും

**മൗലാനാ ഗുലാം നബി സാഹിബ് നിയാസ്**
**മുബല്ലിഗ് ഇൻചാർജ് കശ്മീർ.**

ഈ പ്രപഞ്ചത്തെ പ്രപഞ്ചനാഥൻ വ്യർഥമായിട്ടല്ല സൃഷ്ടിച്ചിട്ടുള്ളത്. അത് സൃഷ്ടിച്ചതിനു പിന്നിൽ മഹത്തായ ഉദ്ദേശ്യം കാണാൻ കഴിയുന്നു. അത് അവനെ തിരിച്ചറിയുക എന്നതാണ്.

അല്ലാഹു പറഞ്ഞതായി നബി(സ) തിരുമേനി പറഞ്ഞു: *കുൻതു കൻസൻ മഖ്ഫിയ്യൻ ഫ അഹ്ബബ്ത്തു അൻ ഉഅ്റഫ ഫഖലഖ്ത്തു ആദമ*

ഞാനൊരു മറഞ്ഞിരുന്ന ഖജനാവായിരുന്നു. ഞാൻ തിരിച്ചറിയുന്നത് ഞാനിഷ്ടപ്പെട്ടു. അങ്ങനെ ഞാൻ ആദമിനെ സൃഷ്ടിച്ചു.

അല്ലാഹുവിനെ തിരിച്ചറിയാനുള്ള മാർഗമായിട്ടാണ് ആദം സൃഷ്ടിക്കപ്പെട്ടത്. അല്ലാഹു പിന്നിന്റെ പിന്നിലുള്ള അസ്തിത്വമാണ്. അവൻ എല്ലാ സ്തുത്യർഹമായ ഗുണങ്ങളുടേയും നന്മകളുടേയും ഉന്നതമായ വിശേഷതകളുടേയും ഉൽഭവസ്ഥാനമാണ്. അവന്റെ വെളിപ്പെടൽ ആദം മുഖേന പൂർത്തിയായി. വിശുദ്ധഖുർആനിൽ അല്ലാഹു മലക്കുകളോടു പറയുന്നു: *ഇന്നീ ജാഇലുൻ ഫിൽഅർളി ഖലീഫത്തൻ (2:30-32)*

"ഞാൻ ഭൂമിയിൽ ഒരു ഖലീഫയെ ഉണ്ടാക്കാൻ പോകുകയാണ്. അവർ അതായത് മലക്കുകൾ തങ്ങളുടെ പരിമിതമായ അറിവുകാരണത്താൽ ആശങ്കകൾ പ്രകടിപ്പിച്ചു. അല്ലാഹു അവരുടെ ആശങ്കകൾ വളരെ യുക്തിപരമായ നിലയിൽ അകറ്റി. ആദമിനെ സൃഷ്ടിച്ചതിന്റെ ഉദ്ദേശ്യം പറഞ്ഞു. അങ്ങനെ അവർ അല്ലാഹുവിനെ വാഴ്ത്തിക്കൊണ്ട് യാഥാർഥ്യം അംഗീകരിച്ചു."

അല്ലാഹുവിന്റെ ഈ പ്രപഞ്ചനിർമാണവും അതിൽ തന്റെ ഖലീഫയെ നിയമിക്കലും ഖിലാഫത്തിന്റെ ആവശ്യകതയും പ്രാധാന്യവും വ്യക്തമാക്കുന്നു.

**ഖിലാഫത്തിന്റെ അർഥം:**

ഖലീഫയുടെ അർഥം പ്രതിനിധിയെന്നും ഖിലാഫത്തിന്റെ അർഥം പ്രാതിനിധ്യം എന്നുമാണ്. അല്ലാമ ഇബ്നു കഥീർ എഴുതുന്നു: 'മാറിപ്പോകുന്നവന്റെ സ്ഥാനത്ത്, അവൻ പോകുന്ന കാരണത്താലുണ്ടാകുന്ന വിടവ് നികത്തുന്നതിന് എഴുന്നേറ്റു നില്ക്കുന്നവനാണ് ഖലീഫ. നിഘണ്ടുവിന്റെ അടിസ്ഥാനത്തിൽ ഖിലാഫത്ത് എന്നതിന്റെ അർഥം പ്രാതിനിധ്യം എന്നാണ്. സാങ്കേതികമായി അതുകൊണ്ടുള്ള ഉദ്ദേശ്യം നബിയുടെ പ്രതിനിധിയാണ്.' (അന്നഹായ വാള്യം 1, പേജ് 315)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഖലീഫ എന്നതിന്റെ അർഥം ദീനിനെ പുനരുദ്ധരിക്കുന്ന പ്രതിനിധിയെന്നാണ്. നബിമാരുടെ കാലഘട്ടത്തിനുശേഷം അന്ധകാരം പരക്കുമ്പോൾ അതകറ്റുന്നതിനുവേണ്ടി, അവരുടെ സ്ഥാനത്തു വരുന്ന ആളെ ഖലീഫ എന്നു പറയുന്നു." (മൽഫൂദാത്ത്, വാള്യം 4, പേജ് 383)

ഖിലാഫത്തിന്റെ പ്രാധാന്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അതുകൊണ്ടാണ് ദുൻയാവിലെ എല്ലാ അസ്തിത്വങ്ങളെക്കാളും ശ്രേഷ്ഠവും പ്രഥമവുമായ റസൂൽമാരുടെ അസ്തിത്വത്തെ പ്രതിച്ഛായപരമായ നിലയിൽ എന്നെന്നേക്കും-ഖിയാമത്തുന്നാൾവരെ നിലനിറുത്താൻ അല്ലാഹു തീരുമാനിച്ചത്. ഇതേ ഉദ്ദേശ്യത്തോടുകൂടി, ലോകം ഒരിക്കലും ഒരു കാലത്തും പ്രവാചകത്വത്തിന്റെ അനുഗ്രഹങ്ങളിൽനിന്ന് പിന്തള്ളപ്പെടാതിരിക്കാൻ അല്ലാഹു ഖിലാഫത്തിനെ ആസൂത്രണം ചെയ്തു." (ശഹാദത്തുൻ, ഖുർആൻ, പേ:58)

**നബിമാരെല്ലാം**
**അല്ലാഹുവിന്റെ ഖലീഫമാർ:**

ഹദ്റത്ത് ആദം മുതൽ തുടങ്ങി ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)വരെ എത്രത്തോളം നബിമാർ വന്നിട്ടുണ്ടോ, അവരെല്ലാം അല്ലാഹുവിന്റെ ഖലീഫമാരായിരുന്നു. എല്ലാവരും ദീനുൽഇസ്ലാമിന്റെതന്നെ അധ്യാപനം നല്കി. വ്യത്യാസം ഇത്രമാത്രമാണ്. മുൻകഴിഞ്ഞ നബിമാർ പ്രത്യേക കാലത്തേക്കും പ്രത്യേകം ജനതയ്ക്കും വേണ്ടിയായിരുന്നു വന്നിരുന്നത്. അതുകൊണ്ട് കാലത്തിന്റെ തേട്ടമനുസരിച്ചുള്ള അധ്യാപനമായിരുന്നു അവർക്ക് നല്കിയിരുന്നത്. നബി(സ) മുഴുലോകമനുഷ്യർക്കുംവേണ്ടി റസൂലായി വന്നയാളാണ്. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു.

*ഖുൽ യാ അയ്യുഹന്നാസു ഇന്നീ റസൂലുല്ലാഹി ഇലയ്ക്കും ജമീഅ (7:159)*

"പറയുക: അല്ലയോ ജനങ്ങളേ! ഞാൻ നിങ്ങൾക്കെല്ലാവർക്കും വേണ്ടിയുള്ള അല്ലാഹുവിന്റെ ദൂതനാണ്."

അതിനാൽ ഭൂമിയിൽ നബി(സ) തിരുമേനിയുടെഅസ്തിത്വംദൈവികപ്രകാശങ്ങളുടെസമ്പൂർണമാതൃകയാണ്. അവിടന്ന് ഒരു സമ്പൂർണ പ്രവർത്തനരൂപരേഖയും ജീവിതനിയമങ്ങളുമായി വന്നു. ആ മഹാത്മാവ് മുഖേന അല്ലാഹു സത്യദീനിനെ സ്ഥാപിച്ചു. അത് പരിപൂർത്തീകരിക്കുകയും ചെയ്തു. പരിപൂർത്തീകരിച്ചുവെന്ന് മാത്രമല്ല, അതിനെ സംരക്ഷിക്കുമെന്നുള്ള വാഗ്ദാനവും നല്കി. *ഇന്നാ നഹ്നു നസ്സൽ്ദിക്റ വ ഇന്നാ ലഹു ലഹാഫിളൂൻ (15:10)*

നാം തന്നെയാണ് ഈ വിശുദ്ധഖുർആനെ ഇറക്കിയത്. നാം തന്നെ അതിനെ സംരക്ഷിക്കുന്നതാണ്. അല്ലാഹു നബി(സ)തിരുമേനിയോടു, മുസ്ലിംകൾ ഈമാനിന്റേയും സൽകർമത്തിന്റേയും മാർഗത്തിൽ നിലനില്ക്കുവോളം അവരിൽ ഖിലാഫത്തും നിലനിറുത്തുമെന്ന് വാഗ്ദാനം ചെയ്തു. വിശുദ്ധഖുർആനിലെ ആയത്ത് *ഇസ്തിഖ്ലാഫിൽ (24:56)* അല്ലാഹു പറയുന്നു:

"അതായത് അല്ലാഹു മുസ്ലിംകളിൽനിന്നുള്ള സൽകർമകാരികളോടു വാഗ്ദാനം ചെയ്യുന്നു. അവൻ അവരിൽ ഖിലാഫത്ത് സ്ഥാപിക്കുന്നതാണ്; മുമ്പേയുള്ള ജനങ്ങളിൽ ഖിലാഫത്ത് വ്യവസ്ഥിതി സ്ഥാപിച്ചിരുന്നതുപോലെ. അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയത്തെ സമാധാനമാക്കി മാറ്റുകയും ചെയ്യുന്നതാണ്. അല്ലാഹുവിനെ മാത്രം അവർ ആരാധിക്കുന്നതാണ്. അവനോടു മറ്റൊന്നിനേയും അവർ പങ്കുചേർക്കുകയില്ല. ഈ ഖിലാഫത്തു വ്യവസ്ഥിതിയെ നിഷേധിക്കുന്നവൻ, നന്ദികെട്ടവനും ആജ്ഞാലംഘകനുമായിരിക്കും."

പ്രസ്തുത ആയത്തിൽ അല്ലാഹു ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ ഉമ്മത്തിൽ അദ്ദേഹത്തിനുശേഷം ഏറ്റവും വലിയ അനുഗ്രഹമായി ഖിലാഫത്ത് വാഗ്ദാനം ചെയ്തിരിക്കുന്നു. അതുകൊണ്ട് ഖിലാഫത്ത്, നുബുവ്വത്തിന് പൂർത്തീകരണമെന്നനിലയിലുള്ളതാണ്. അതിനാൽ, നബി(സ)തിരുമേനി പറഞ്ഞു. *മാ കാനത്തിന്നുബുവ്വത്തു ഖത്തു ഇല്ലാ തബിഅത്ത്ഹാ ഖിലാഫത്തുൻ (കൻസുൻ ഉമ്മാൽ)*

അതായത് എല്ലാ നുബുവ്വത്തിനും ശേഷം ഖിലാഫത്തുണ്ടാകേണ്ടത് നിർബന്ധമാണ്. ഇവ രണ്ടും അതായത് നുബൂവ്വത്തും ഖിലാഫത്തും വേർപിരിക്കാനാവാത്തവിധം ബന്ധപ്പെട്ടതാണ്. നബിമാർ കേവലം ബീജാവാപം ചെയ്യുന്നു. ആ ബീജത്തെ നോക്കിവളർത്തുന്നത് ആദരണീയരായ ഖലീഫമാരാണ്; കർഷകർ തങ്ങളുടെ വയലുകളിലും തോട്ടങ്ങളിലും വിത്തു വിതയ്ക്കുന്നതുപോലെ; ചെടികൾ നടുന്നതുപോലെ. അതിനുശേഷം അതിന്റെ സംരക്ഷണത്തിനുള്ള ഏർപ്പാടും ചെയ്യുന്നു. അങ്ങനെയാണ് അവരുടെ വയൽ പൂവണിയുന്നത്. അല്ലാഹു തൗഹീദന്റെ വിത്ത് നബിമാർ മുഖേന വിതയ്ക്കുകയും എന്നാൽ, അതിന്റെ സംരക്ഷണത്തിനായി മേൽനോട്ടക്കാരനെ നിശ്ചയിക്കാതിരിക്കുകയും ചെയ്യുന്നതെങ്ങനെ?

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഇപ്രകാരം അല്ലാഹു ശക്തമായ അടയാളങ്ങളോടൊപ്പം അവയുടെ സത്യത വെളിപ്പെടുത്തിത്തരികയും ചെയ്യുന്നു. ഏതൊരു സന്മാർഗമാണോ അവർ ലോകത്ത് പരത്താനാഗ്രഹിക്കുന്നത്, അതിന്റെ ബീജാവാപം അവരുടെതന്നെ കൈയാൽ നടത്തുന്നു. പക്ഷേ, അതിന്റെ പൂർത്തീകരണം അവരുടെ കൈയാൽ നടത്തുകയില്ല. മറിച്ച് അത്തരം നേരത്ത് അവർക്കും ദേഹവിയോഗം നല്കി- അത് ബാഹ്യമായി നോക്കുമ്പോൾ ഒരു അപജയത്തിന്റെ ഭയം ഉൾക്കൊള്ളുന്നതാണ്- എതിരാളികൾക്ക് പരിഹസിക്കാനും അപമാനിക്കാനും കുത്തിപ്പറയാനും അവസരം നല്കുന്നു. അവരുടെ പരിഹാസവും അപഹാസ്യവും നിലച്ചുകഴിയുമ്പോൾ തന്റെ ശക്തിപ്രഭാവത്തിന്റെ വേറൊരു കൈ കാണിക്കുന്നു. അങ്ങനെ ഒരു പരിധിവരെ അപൂർണമായി നിലകൊണ്ടിരുന്ന ആ ഉദ്ദേശ്യങ്ങൾ അതിന്റെ പൂർണതയിലെത്തുന്നു." (അൽവസിയ്യത്ത്)

അതിനാൽ, നുബുവ്വത്തിന്റെ മഹത്തായതും പ്രൗഢഗംഭീരവുമായ ഉദ്ദേശ്യത്തിന്റെ പൂർത്തീകരണത്തിന് പ്രാതിനിധ്യം അതായത് ഖിലാഫത്തുണ്ടാകേണ്ടത് അങ്ങേയറ്റം അനിവാര്യമാണ്. ഖിലാഫത്തു മുഖേന തന്നെയാണ് ദീൻ പ്രബലപ്പെടുന്നതും സത്യവിശ്വാസികളുടെ കെട്ടുറപ്പും സ്ഥിരതയും ഐക്യവും സാധ്യമാകുന്നതും. നബി(സ)തിരുമേനിയുടെ താഴെ കാണുന്ന ഹദീഥ് അതിനു ഉത്തമ മാർഗദർശിയാണ്.

"ഹദ്റത്ത് ഇർബാള് ബിൻ സാരിയ പറയുന്നു: 'ഒരു ദിവസം നബി(സ) തിരുമേനി നമസ്കാരത്തിനുശേഷം അങ്ങേയറ്റം ഹൃദയസ്പർശിയായ ഒരു ഉപദേശപ്രസംഗം ചെയ്തു. ആ ഉപദേശപ്രസംഗം എങ്ങനെയുള്ളതായിരുന്നുവെന്നാൽ, കണ്ണുകളിൽനിന്ന് കണ്ണീർ ധാരധാരയായി ഒഴുകാൻ തുടങ്ങി. ഒരു സ്വഹാബി ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ! ഇതു വിടപറയൽ ഉപദേശമാണെന്ന് തോന്നുന്നുവല്ലോ?

ശേഷം പേജ് 8ൽ

# ഖുത്ബ ജുമുഅ

**ലോകത്ത് നിരവധിയാളുകൾ നിരർഥവും അനാവശ്യവുമായ ധാരാളം കാര്യങ്ങൾ പറയാറുണ്ട്. ചിലയാളുകൾ തമാശയിൽ ആരോടെങ്കിലും വ്യർഥമായ കാര്യങ്ങൾ പറയും. അതുപിന്നീട് വഴക്കിനും കലഹത്തിനും കാരണമാകും. ചിലപ്പോൾ ഒരുഫലവുമില്ലാത്ത കാര്യങ്ങൾ മജ്‌ലിസുകളിൽ പറയപ്പെടാറുണ്ട്. കേവലം ഒരു സംസാരം എന്ന നിലയിലും വർത്താനം പറയാറുണ്ട്. ചിലപ്പോൾ മറ്റുള്ളവർക്ക് വിഷമത്തിനു കാരണമാകുംവിധം കുത്തുവാക്കുകളും പറയുന്നു. അല്ലെങ്കിൽ ആർക്കും ഒരു ഗുണവും ചെയ്യാത്തതും സമയം പാഴാക്കുന്നതുമായ കാര്യങ്ങളും പറഞ്ഞുവിടുന്നു.**

**'ലഗ്‌വ്' എന്നതിന്റെ നിഘണ്ടുപരമായ അർഥം വ്യർഥമായതും നിഷ്ഫലമായതുമായ സംസാരം എന്നാണ്. അല്ലെങ്കിൽ ചിന്തിക്കുകയോ മനസ്സിലാക്കുകയോ ചെയ്യാതെ പറയുക എന്നാണ്. അല്ലെങ്കിൽ ഒന്നിനും കൊള്ളാത്തതും വിഡ്ഢിത്തപരവുമായ സംസാരത്തിനാണ്.**

**വിശുദ്ധ ഖുർആനിൽ അല്ലാഹു അത്തരം കാര്യങ്ങളിൽനിന്ന് അതായത് വ്യർഥമായ കാര്യങ്ങളിൽനിന്ന് സത്യവിശ്വാസികളെ തടഞ്ഞിരിക്കുന്നു.**

**ഒരു സത്യവിശ്വാസി തന്റെ നിലപാടുകൊണ്ടും സൽപെരുമാറ്റംകൊണ്ടും മറ്റുള്ളവർക്ക് പ്രയോജനപ്പെട്ടുകൊണ്ടും മറ്റുള്ളവർക്ക് ഉപകാരം ചെയ്തുകൊണ്ടും തന്റെ വില ഉണ്ടാക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ചിലയാളുകൾ നിസാരമായ ത്യാഗം ചെയ്ത് തങ്ങൾ വളരെ വലുത് ചെയ്തിരിക്കുന്നുവെന്ന് കരുതാറുണ്ട്. അല്ലെങ്കിൽ ഒരു ത്യാഗവും ചെയ്യാതെ തങ്ങളുടെ ചിന്താഗതികളിൽ ത്യാഗം ചെയ്യുന്നവരായി ത്തീരുന്നവരും ചിലരുണ്ട്. അല്ലെങ്കിൽ മറ്റുള്ളവരുടെമേൽ ഔദാര്യം ചെയ്യുന്നവരാണെന്ന് നടിക്കുന്നു. ഒരു വിശ്വാസി യഥാർഥമായ നിലയിൽ ഉപകാരം ചെയ്യുന്നവന് നന്ദി പറയേണ്ടതാണ്.**

**എല്ലാ മുബല്ലിഗുമാരും മാന്യന്മാരുടെ മജ്‌ലിസ്സിൽ ചെന്നിരിക്കാൻ അത്യാവശ്യമായ ഭൂമിശാസ്ത്രം, ചരിത്രം, ഗണിതം, വൈദ്യം, സംസാരമര്യാദ, സദസ്സിന്റെ മര്യാദ തുടങ്ങിയ കാര്യങ്ങളിലുള്ള അറിവുകൾ കരസ്ഥമാക്കിയിരിക്കേണ്ടതാണ്. ഇത് ദുഷ്കരമായ കാര്യമൊന്നുമല്ല. അല്പം അധ്വാനംകൊണ്ട് ഇക്കാര്യം കരസ്ഥമാക്കാവുന്നതാണ്. ഇതിനുവേണ്ടി ഓരോന്നിന്റേയും പ്രാഥമിക പുസ്തകങ്ങൾ വായിക്കേണ്ടതാണ്. ഏതു മജ്‌ലിസുകളിൽ പോകുകയാണെങ്കിലും അതിനെ കുറിച്ചുള്ള അറിവ് തീർച്ചയായും കരസ്ഥമാക്കിയിരിക്കേണ്ടതാണ്.**

**ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചുകൊണ്ട് ശരിയായ ഇസ്‌ലാമികാധ്യാപനമനുസരിച്ച് ജീവിക്കുമെന്നാണ് അഹ്മദികളായ നമ്മുടെ വാദം. അങ്ങനെ ജീവിക്കുന്നതിന് എല്ലാ അവസ്ഥയിലും അല്ലാഹുവിലേക്ക് നോക്കേണ്ടതാണ്. അവനുമായി ബന്ധം സ്ഥാപിക്കേണ്ടതാണ്.**

**ഫെബ്രുവരി 20 മുസ്‌ലിഹ് മൗഊദിന്റെ പ്രവചനത്തിന്റെ പേരിലാണ് അഹ്മദിയ്യാ ജമാഅത്തിൽ അറിയപ്പെടുന്നത്. ദീനിന്റെ സേവകനും ദീർഘായുഷ്മാനും നിരവധി പ്രത്യേകതകൾക്കുടമയുമാകാൻ പോകുന്ന ഒരുമകന്റെ ജനനത്തെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അറിയിപ്പ് നൽകപ്പെട്ടിരുന്നു.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

**2016 ഫെബ്രുവരി 19/ഹി:ശം: 1395 തബ്‌ലീഗ് 19**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ
اَلْحَمْدُ لِلّٰهِ رَبِّ الْعَالَمِينَ ۔ اَلرَّحْمٰنِ الرَّحِيمِ ۔ مٰلِكِ يَوْمِ الدِّينِ ۔ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ۔
اِهْدِنَا الصِّرَاطَ الْمُسْتَقِيمَ ۔ صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ ۔

ലോകത്ത് നിരവധിയാളുകൾ നിരർഥവും അനാവശ്യവുമായ ധാരാളം കാര്യങ്ങൾ പറയാറുണ്ട്. ചിലയാളുകൾ തമാശയിൽ ആരോടെങ്കിലും വ്യർഥമായ കാര്യങ്ങൾ പറയും. അതുപിന്നീട് വഴക്കിനും കലഹത്തിനും കാരണമാകും. ചിലപ്പോൾ ഒരു ഫലവുമില്ലാത്ത കാര്യങ്ങൾ മജ്‌ലിസുകളിൽ പറയപ്പെടാറുണ്ട്. കേവലം ഒരു സംസാരം എന്ന നിലയിലും വർത്താനം പറയാറുണ്ട്. ചിലപ്പോൾ മറ്റുള്ളവർക്ക് വിഷമത്തിനു കാരണമാകുംവിധം കുത്തുവാക്കുകളും പറയുന്നു. അല്ലെങ്കിൽ ആർക്കും ഒരു ഗുണവും ചെയ്യാത്തതും സമയം പാഴാക്കുന്നതുമായ കാര്യങ്ങളും പറഞ്ഞുവിടുന്നു.

'ലഗ്‌വ്' എന്നതിന്റെ നിഘണ്ടുപരമായ അർഥം വ്യർഥമായതും നിഷ്ഫലമായതുമായ സംസാരം എന്നാണ്. അല്ലെങ്കിൽ ചിന്തിക്കുകയോ മനസ്സിലാക്കുകയോ ചെയ്യാതെ പറയുക എന്നാണ്. അല്ലെങ്കിൽ ഒന്നിനും കൊള്ളാത്തതും വിഡ്ഢിത്തപരവുമായ സംസാരം എന്നാണ്. വിശുദ്ധ ഖുർആനിൽ അല്ലാഹു അത്തരം കാര്യങ്ങളിൽനിന്ന് അതായത് വ്യർഥമായ കാര്യങ്ങളിൽനിന്ന് സത്യവിശ്വാസികളെ തടഞ്ഞിരിക്കുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരിടത്ത് അല്ലാഹുവിന്റെ ഈ കല്പന വിശദീകരിച്ചുകൊണ്ട് ഒരു ഉദാഹരണം വിവരിക്കുന്നു. അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയാറുണ്ടായിരുന്നതാണ്. പറഞ്ഞു:

*വഇദാ മറർറൂ ബില്ലഗ്‌വി മർറൂ കിറാമാ(25:73)*

മുഅ്മിന്റെ അടയാളം പറഞ്ഞിട്ടുള്ളത് അവൻ വ്യർഥമായ എന്തെങ്കിലും കണ്ടാൽ അതിനടുത്തൂടെ മാന്യനായി കടന്നുപോകുമെന്നാണ്. പക്ഷേ, ഇത് അങ്ങേയറ്റം വേദനാജനകമായ കാര്യമാണെന്ന് ഇപ്പോൾ പറയുന്നു. അതിന് സ്ത്രീകളുടെ ഉദാഹരണമാണ് പറഞ്ഞിട്ടുള്ളത്. സ്ത്രീകൾ പൊതുവേ വ്യർഥമായ കാര്യങ്ങളിലേക്ക് നോക്കുന്നവരാണ്. ഇക്കാലത്ത് പുരുഷന്മാരുടേയും അവസ്ഥ ഇതുതന്നെയാണ്. ഉദാഹരണത്തിന് സ്ത്രീകൾ ഒരു ആവശ്യവുമില്ലാതെ മറ്റു സ്ത്രീകളോടു, 'ഈ വസ്ത്രം എത്രയ്ക്കാണ് വാങ്ങിയത്? ഈ ആഭരണം പണികഴിപ്പിച്ചതെവിടെന്നാണ്?' എന്നിങ്ങനെ ചോദിച്ചുകൊണ്ടിരിക്കുന്നു. ഇത് ചെറിയ ചെറിയ കാര്യങ്ങളാണ്. ഇതും വ്യർഥമായ കാര്യങ്ങൾതന്നെയാണ്. കേവലം ഭൗതികമായ കാര്യങ്ങളാണിവ. അതിൽ ഒരു ഫലവുമില്ല. ചിലപ്പോൾ അടുത്തിരിക്കുന്ന സ്ത്രീകളിൽ അതിന്റെ ദുസ്സ്വാധീനവുമുണ്ടായിക്കൊണ്ടിരിക്കും. അവിടന്ന് പറയുന്നു: അതിന്റെ പൂർണമായിട്ടുള്ള ഹിസ്റ്ററി അറിയാത്തിടത്തോളും സ്ത്രീകൾക്ക് സ്വസ്ഥത ഉണ്ടാകുകയില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയാറുണ്ടായിരുന്നു, ഒരു സ്ത്രീ മോതിരം ഉണ്ടാക്കിച്ചു. പക്ഷേ, ആരും അത് ശ്രദ്ധിച്ചില്ല. അവൾ പൊറുതിമുട്ടി വീടിന് തീ വച്ചു. എന്തെങ്കിലും ബാക്കിയായിട്ടുണ്ടോ എന്ന് ആളുകൾ ചോദിച്ചു.

ഈ മോതിരമല്ലാതെ ഒന്നും ബാക്കിയായിട്ടില്ലെന്ന് അവർ പറഞ്ഞു. സോദരീ! നീ മോതിരം എവിടെന്നാണ് ഉണ്ടാക്കിച്ചതെന്ന് അപ്പോൾ ഒരു സ്ത്രീ ചോദിച്ചു. ഇത് നല്ല ഭംഗിയുണ്ടല്ലോ? അപ്പോൾ ആ സ്ത്രീ പറഞ്ഞു,'ഈ ചോദ്യം നീ ഇന്നലെ ചോദിച്ചിരുന്നെങ്കിൽ എന്റെ വീട് രക്ഷപ്പെട്ടേനെ!' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുകയാണ്: ഈ ശീലം സ്ത്രീകളിൽമാത്രം പരിമിതമല്ല. പുരുഷന്മാരിലുമുണ്ട്. ഒരു കാരണവുമില്ലാതെ ചോദ്യവും ഉത്തരവുംകൊണ്ട് നടക്കുന്നു. അസ്സലാമു അലയ്ക്കും പറഞ്ഞുടനെ 'എവിടന്നു വന്നു? എവിടെ പോകുന്നു? വരുമാനം എന്തുണ്ട്?'എന്ന് ചോദിച്ചുകൊണ്ടിരിക്കും. മറ്റുള്ളവർക്ക് ഇക്കാര്യത്തിൽ ഇടപെടേണ്ട ആവശ്യമെന്താണ്? പിന്നീട് അവിടന്ന് പാശ്ചാത്യൻ ജനതയുടെ ഉദാഹരണം നല്കുന്നു: ഇങ്ങനെ പരസ്പരം ചോദിച്ചുനടക്കുന്ന ശീലം അതായത് എവിടെയാണ് ജോലി? എവിടംവരെ പഠിച്ചിട്ടുണ്ട്? ശംബളം എത്രയാണ്? എന്നിങ്ങനെ ചുഴ്ന്ന് അന്വേഷിച്ചു നടക്കുന്ന ശീലം പാശ്ചാത്യൻ ജനതകളിലില്ല.' (അൻവാറുൽ ഉലൂം വാള്യം 15 പേജ് 397)

മറ്റുള്ളവർക്ക് നാശമുണ്ടാക്കുന്നകാര്യം മാത്രമല്ല ലഗ്‌വ് അഥവാ വ്യർഥം. പ്രത്യുത നിഷ്ഫലമായ എല്ലാ കാര്യങ്ങളും 'ലഗ്‌വ്'അഥവാ വ്യർഥമായ കാര്യമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് അതിനെ ഇങ്ങനെ വിശദീകരിക്കുന്നു: 'എന്തെങ്കിലും പ്രത്യേകമായ ദോഷവും നഷ്ടവും ഉണ്ടാകാത്ത കർമം ഉണ്ടാകുക.'(ഇസ്‌ലാമി ഉസൂൽ കി ഫലോസഫി, റൂഹാനീ ഖസായിൻ വാള്യം 10 പേജ് 349)അതായത് എന്തെങ്കിലും പ്രത്യേക ദോഷവും നഷ്ടവും ഉണ്ടാകാത്ത കാര്യങ്ങൾ ലഗ്‌വാണ്. ഇതാണ് അതിന്റെ ഉദ്ദേശ്യം.

മുഅ്മിൻ സംസാരിക്കുമ്പോൾ ഉദ്ദേശ്യത്തോടും എല്ലാത്തരം വ്യർഥമായ കാര്യങ്ങളിൽനിന്നകന്നും സംസാരിക്കുക എന്നത് നിബന്ധനയാണ്. പക്ഷേ, നമ്മൾ പരിശോധിക്കുമ്പോൾ ഒരുപാടാളുകൾ അകാരണമായി ചിലകാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത് കാണുന്നു.

ഇനി വിവിധ സ്ഥലങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവരിച്ചതും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) അവതരിപ്പിച്ചിട്ടുള്ളതുമായ ചില ഗുണപാഠമുള്ള ഉദാഹരണങ്ങൾ സമർപ്പിക്കുകയാണ്.

അവിടന്ന് പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരു ഫലിതം കേൾപ്പിക്കാറുണ്ടായിരുന്നു. ഏതോ ഒരു തോട്ടിവേലക്കാരൻ ലാഹോറിന്റെ അടുത്തൂടെ ഒരിക്കൽ പോകുകയായിരുന്നു. അയാൾ ഒരു ഗ്രാമീണനായ ചുമട്ടുതൊഴിലാളിയോ മാലിന്യം നീക്കുന്ന ആളോ ആയിരുന്നു. നഗരത്തിൽ വലിയ ഒച്ചയും ബഹളവും നടക്കുന്നത് അയാൾ കണ്ടു. ഹിന്ദുക്കളും മുസ്‌ലീംകളും പുരുഷന്മാരും സ്ത്രീകളും എല്ലാവരും കരയുകയാണ്. ആരോടോ അയാൾ കാരണം തിരക്കി. മഹാരാജാ രൺജിത് സിംഗ് മരിച്ചുപോയെന്ന് അയാൾ പറഞ്ഞു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: സിക്കുകാരുടെ ഭരണം ഒരുപാട് ദുഷ്പേരുണ്ടാക്കിയിട്ടുണ്ട്. അക്കാലഘട്ടത്തിൽ വലിയ ദുഷ്പേരുകാരായ ചിലരും രാജാക്കന്മാരായിട്ടുണ്ട്. എന്നാൽ, മഹാരാജാ രൺജിത് സിംഗിന്റെ കാലഘട്ടത്തിൽ സമാധാനമുണ്ടായിരുന്നുവെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നത് ഞാൻ പലപ്പോഴും കേട്ടിട്ടുള്ളതാണ്. അദ്ദേഹം വൃത്തികെട്ട പ്രവൃത്തികൾ ഒരു പിരിധിവരെ അകറ്റി നിറുത്തി. മുസ്‌ലീംകളുടെമേൽ സിക്കുകാർ നടത്തിയ അക്രമസംഭവങ്ങൾ മറ്റുകാലങ്ങളിലാണ് നടന്നിട്ടുള്ളതെന്ന് പറയപ്പെട്ടിരിക്കുന്നു. രാജ്യത്തിന്റെ ഭരണം ചെറിയ ചെറിയ കഷണങ്ങളായി വിഭജിക്കപ്പെടുകയും കൊള്ളയും കൊലയും നടമാടുകയും രാജ്യത്ത് അരാജകത്വം വ്യാപിക്കുകയും ചെയ്തപ്പോഴായിരുന്നു അത്. എന്നാൽ, മഹാരാജ രൺജിത് സിംഗിന്റെ ശ്രമം സമാധാനം സ്ഥാപിക്കുക എന്നതായിരുന്നു. മുസ്‌ലീംകളോടും ഒരു പരിധിവരെ നല്ലപെരുമാറ്റം തന്നെയായിരുന്നു. (അവിടന്ന് ഇത് കൂടുതൽ വിശദീകരിക്കുന്നു). അദ്ദേഹത്തിന്റെ മന്ത്രിമാരിൽ മുസ്‌ലീംകളുമുണ്ടായിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പിതാവ് അതായത് പിതാമഹനും മഹാരാജാ രൺജിത് സിംഗിന്റെ ജേർണൽമാരിൽപ്പെട്ടവരായിരുന്നു. പല മുസ്‌ലീംകളും ഉന്നതമായ സ്ഥാനങ്ങളിലുണ്ടായിരുന്നു. അദ്ദേഹം മുഖേന രാജ്യത്തുണ്ടായ സമാധാനം കണ്ടുകൊണ്ട് -അദ്ദേഹത്തിനുമുമ്പേ ഉണ്ടായിരുന്ന കലഹങ്ങൾ ഓർമിച്ച് അദ്ദേഹത്തിന്റെ മരണത്തിൽഎല്ലാവർക്കും ദുഖമുണ്ടായി. അതുകൊണ്ടാണ് ജനങ്ങൾ കരഞ്ഞത്. തോട്ടിവേലക്കാരൻ കൂട്ടക്കരച്ചിലിന്റെ കാര്യമന്വേഷിച്ചു. മഹാരാജ് രൺജിത് സിംഗ് മരിച്ചുപോയെന്ന് ആരോ അയാളോടു പറഞ്ഞു. അയാൾ വളരെ ആശ്ചര്യത്തോടെ മരണം അറിയിച്ച ആളുടെ മുഖത്തുനോക്കിക്കൊണ്ട് ചോദിച്ചു:'അയാളുടെ മരണത്തിൽ എന്തിനാണ് ആളുകൾ ഇത്രയേറെ വിഷമിക്കുന്നത്. എന്റെ അച്ഛനും മരിച്ചിട്ടുണ്ടല്ലോ? അപ്പോൾ മഹാരാജ് രൺജിത് സിംഗ് ആരിലാണുൾപ്പെടുന്നത്?'

ഈ ഫലിതം ഉദ്ധരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയാറുണ്ടായിരുന്നു,ഏതൊന്നിനോടാണോ ഒരാൾക്ക് പ്രതിപത്തി ഉണ്ടകുന്നത് അതായിരിക്കും അയാളുടെ പക്കൽ വലുതായിട്ടുള്ളത്. ആ തോട്ടിവേലക്കാരന്റെ അച്ഛൻ അയാളോടു നല്ല നിലയിലാണ് പെരുമാറിയിരുന്നത്. അതുകൊണ്ട് അയാൾക്ക് തന്റെ അച്ഛനോടു സ്നേഹമുണ്ടായി. മഹാരാജാ രൺജിത് സിംഗിന്റെ സൽപെരുമാറ്റം ലക്ഷക്കണക്കിനാളുകളുമായിട്ടുള്ളതാണെങ്കിലും തോട്ടിവേലക്കാരൻ ആ ലക്ഷക്കണക്കിനാളുകളിൽപ്പെട്ട ആളല്ല. രാജ്യത്തിന് അദ്ദേഹത്തെക്കൊണ്ട് സമാധാനവും ശാന്തിയുമുണ്ടായി, രാജ്യത്തിന് സമാധാനമാണ് പ്രധാനം എന്നൊന്നും ആലോചിക്കാനുള്ള വിശാലദൃഷ്ടിയൊന്നും അയാൾക്കുണ്ടായിരുന്നില്ല. വ്യക്തിപരമായ നേട്ടത്തിന് അതിന്നെതിരിൽ ഒരു യാഥാർഥ്യവുമില്ല. അതുകൊണ്ട് യഥാർഥമായ ആദരവ് തന്റെ അച്ഛനാണെന്നും താൻ വിലമതിക്കേണ്ടത് തന്റെ അച്ഛനെയാണെന്നും അയാൾ മനസ്സിലാക്കി. അതുകൊണ്ട് മഹാരാജ് രൺജിത് സിംഗ് മരിച്ചെങ്കിൽ അതിലെന്ത് അത്ഭുതമാണുള്ളത്?'(അൽഫള്ൽ 1952 ജൂൺ 6, വാള്യം 6/24 നമ്പർ 135 പേജ് 5)അതിനാൽ ലോകത്ത് തന്റെ ആവശ്യകതയുടെ പ്രാധാന്യം കാരണത്താൽ ചില ചെറിയ വസ്തുക്കളും വലുതായിത്തീരുന്നു. ചില വലിയ കാര്യങ്ങളെ അജ്ഞതകാരണത്താൽ മനുഷ്യൻ അവഗണിച്ചു കളയുന്നു. കുട്ടികൾക്ക് ഏറ്റവും വിലപിടിപ്പുള്ള വൈരക്കല്ല് നല്കിയാലും അതിനെ അവർ എന്തു വിലമതിക്കാനാണ്.

അതുകൊണ്ട് ഒരു സത്യവിശ്വാസി തന്റെ നിലപാടുകൊണ്ടും സൽപെരുമാറ്റംകൊണ്ടും മറ്റുള്ളവർക്ക് പ്രയോജനപ്പെട്ടുകൊണ്ടും മറ്റുള്ളവർക്ക് ഉപകാരം ചെയ്തുകൊണ്ടും തന്റെ വില ഉണ്ടാക്കുന്നതിന് ശ്രമിക്കേണ്ടതാണ്. അത് പരിമിതമായ വിലയായിരിക്കരുത്. അവന്റെ അടുത്ത ബന്ധുക്കൾമാത്രം അവനെ ഓർത്ത് കരയുന്നവരാകരുത്. പ്രത്യുത അവൻ വസിക്കുന്ന പ്രദേശത്ത് അവൻ താമസിക്കുന്ന സമൂഹത്തിൽ എല്ലാവരിലും അവനെക്കുറിച്ച് മതിപ്പുണ്ടാകണം. എല്ലാ ഓരോന്നിനും അതിന്റേതായ ഒരു വൃത്തമുണ്ട്. ആ വൃത്തത്തിൽ ഏതെങ്കിലും അഹ്മദിയുടെ അറിയപ്പെടൽ, സൽകാര്യങ്ങൾ പറഞ്ഞുകൊണ്ടുള്ള അറിയപ്പെടൽ വെറും അയാളിൽ മാത്രം പരിമിതമായിരിക്കുകയില്ല. അല്ലെങ്കിൽ അയാൾക്കു മാത്രമല്ല ഗുണം ചെയ്യുന്നത്. മറിച്ച് ജമാഅത്തിന്റെ സൽപ്പേരിന് അയാൾ കാരണമായിത്തീരുന്നു. അങ്ങനെ തബ്ലീഗിന്റെ വഴികളും തുറക്കുന്നു. ലോകത്തിന് മനസ്സിലാകുകയും ചെയ്യുന്നു. ഒരു അഹ്മദി തന്റെ സ്വാധീനമുണ്ടാക്കുന്നവനാണെങ്കിൽ ഇസ്‌ലാമിന്റെ യാഥാർഥ്യമെന്താണെന്ന് ലോകത്തിന്നറിയാൻ കഴിയുന്നതാണ്. ലോകത്തിന്റെ ശാന്തിക്കും സമാധാനത്തിനും ഇക്കാലത്ത് ഇസ്‌ലാമികാധ്യാപനമാണ് യഥാർഥ അധ്യാപനമെന്നും അതിനെ യഥാർഥമായ സമാധാനം സൃഷ്ടിക്കാൻ കഴിയൂ എന്നും അറിയാൻ കഴിയും. അതിനാൽ ലോകത്തിന്റെ അജ്ഞത അല്ലെങ്കിൽ വിവരമില്ലായ്മ പറഞ്ഞുകൊടുക്കുന്നതിന് നമ്മളിൽപ്പെട്ട ഓരോരുത്തരും തങ്ങളുടേതായ വൃത്തങ്ങളിൽ ശ്രമിക്കേണ്ടതാണ്.

ചിലയാളുകൾ നിസാരമായ ത്യാഗം ചെയ്ത് തങ്ങൾ വളരെ വലുത് ചെയ്തിരിക്കുന്നുവെന്ന് കരുതാറുണ്ട്. അല്ലെങ്കിൽ ഒരു ത്യാഗവും ചെയ്യാതെ തങ്ങളുടെ ചിന്താഗതികളിൽ ത്യാഗം ചെയ്യുന്നവരായിത്തീരുന്നവരും ചിലരുണ്ട്. അല്ലെങ്കിൽ മറ്റുള്ളവരുടെമേൽ ഔദാര്യം ചെയ്യുന്നവരാണെന്ന് നടിക്കുന്നു. അത്തരക്കാരെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരിക്കൽ ഒരു സംഭവം വിശദീകരിക്കുകയുണ്ടായി. ഏതോ ഒരാളെ തന്റെ വീട്ടിലേക്ക് ഒരാൾ ക്ഷണിച്ചു. തന്റെ കഴിവനുസരിച്ച് ആതിഥ്യവും നല്കി. അതിഥി പോകാനിറങ്ങിയപ്പോൾ വീട്ടുകാരൻ ക്ഷമാപണം ചെയ്യാൻ തുടങ്ങി; എന്റെ ഭാര്യക്ക് സുഖമില്ലായിരുന്നു. മറ്റു ചില നിർബന്ധിതാവസ്ഥകളുമുണ്ടായിരുന്നു. അതുകൊണ്ട് വേണ്ടവിധത്തിൽ നോക്കാൻ കഴിഞ്ഞില്ല. ഇതുകേട്ട അതിഥി പറഞ്ഞു: 'താങ്കൾ ഇതുപറയുന്നത് എന്തുദ്ദേശ്യത്തോടെയാണെന്ന് എനിക്കറിയാം. ഞാൻ താങ്കളെ പ്രശംസിക്കണമെന്നാണ് താങ്കൾ വിചാരിക്കുന്നത്. താങ്കൾ ചെയ്ത ഉപകാരം ഞാൻ സമ്മതിക്കണം!' ഇവിടെ ഇതാണ് അതിഥിയുടെ ചിന്താഗതികൾ. അതിഥി പറഞ്ഞു, 'താങ്കളുടെ ഉപകാരം ഞാൻ സമ്മതിക്കുമെന്ന് താങ്കൾ കരുതണ്ട.' ആതിഥ്യൻ പറഞ്ഞു:'എനിക്കൊരിക്കലും അങ്ങനെയൊരു ഉദ്ദേശ്യമില്ല. യഥാർഥത്തിൽ താങ്കളെ വേണ്ടവിധം സൽക്കരിക്കാൻ കഴിയാത്തതിൽ ഞാൻ ലജ്ജിതനാണ്. ഇനി താങ്കളുടെ എന്തെങ്കിലും ഉപകാരം എനിക്കുണ്ടായിട്ടുണ്ടെങ്കിൽ അതു പറയുക. ഞാൻ അതിന് നന്ദി പറയാം.' അപ്പോൾ അതിഥി പറഞ്ഞു: 'നിങ്ങൾ എന്തുപറഞ്ഞാലും വേണ്ടില്ല. ഞാൻ താങ്കളുടെ മനസ്സിരുപ്പ് നല്ലവണ്ണം മനസ്സിലാക്കുന്നുണ്ട്.(അതായത് മനസ്സിലുള്ള കാര്യം അറിയാൻ തുടങ്ങി!' )അതിഥി പറഞ്ഞു: 'താങ്കൾ ഓർക്കണം! താങ്കൾ എനിക്ക് ഭക്ഷണമേ തന്നിട്ടുള്ളൂ.(ഇതിനുപുറമെ താങ്കൾ എന്നോടു എന്തു ഔദാര്യമാണ് ചെയ്തത്?)എന്നാൽ, ഞാൻ താങ്കളുടെമേൽ വലിയ ഉപകാരമാണ് ചെയ്തിട്ടുള്ളത്. താങ്കൾ താങ്കളുടെ മുറിയിലേക്ക് നോക്കുക! എന്നെ ഇരുത്തിയിരുന്ന ഈ മുറി, ഡൈനിംഗ് റൂം, ഇതിൽ ആയിരക്കണക്കിന് രൂപ വിലപിടിപ്പുള്ള സാധനങ്ങൾ കിടക്കുന്നു. താങ്കൾ എനിക്കു വേണ്ടി ഭക്ഷണമെടുക്കാൻ ഉള്ളിൽപോയപ്പോൾ ലൈറ്റർ ഉപയോഗിച്ച് ഇതെല്ലാം എനിക്ക് കത്തിക്കാമായിരുന്നു. താങ്കൾ പറയുക, ഞാൻ തീ വെച്ചിരുന്നെങ്കിൽ ഒരു പൈസയുടെ സാധനംപോലും ബാക്കിയാകുമായിരുന്നില്ല. പക്ഷേ, ഞാൻ അതു ചെയ്തില്ല.' അതിഥി ചോദിച്ചു, 'ഈ ഉപകാരം ചെറുതാണോ?' ഇതുകേട്ട് വീട്ടുകാരൻ പറഞ്ഞു, യഥാർഥത്തിൽ താങ്കൾ വളരെ വലിയ ഉപകാരമാണ് ചെയ്തത്. താങ്കൾ എന്റെ വീടിന് തീ വെക്കാതിരുന്നതിനും ഞാൻ താങ്കൾക്ക് നന്ദി പറയുകയാണ്.' നോക്കുക! ഉപകാരം ചെയ്തവന്റെ ഉപകാരം തിരിച്ചറിയാതെയും നന്ദി പറയാതെയും താൻ ഉപകാരം ചെയ്തുവെന്ന് മനസ്സിലാക്കുന്ന മനഷ്യരുണ്ട്.'(ഖുത്ബാത്തെ മഹ്മൂദ് വാള്യം 13 പേജ് 592)അതിനാൽ ഒരു വിശ്വാസി യഥാർഥമായ നിലയിൽ ഉപകാരം ചെയ്യുന്നവന് നന്ദി പറയേണ്ടതാണ്. അല്ലാതെ അയാളെപ്പോലെ ഉപകാരം വിസ്മരിക്കുന്നവനാകരുത്.

ഒരിടത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) മുറബ്ബിമാരെ ഉപദേശിക്കുകയുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയാറുണ്ടായിരുന്ന ഒരു

ഉദാഹരണവും പറഞ്ഞു. അവിടന്ന് പറഞ്ഞു, ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയാറുണ്ടായിരുന്നു, ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹം ഏതോ ഒരു പീറിന്റെ ശിഷ്യനായിരുന്നു. തന്റെ മന്ത്രിയോട് പീറിനെ കാണാൻ എപ്പോഴും പറഞ്ഞുകൊണ്ടിരുന്നു. മന്ത്രി ആ പീറിന്റെ യഥാർഥ അവസ്ഥ അറിയുന്ന ആളായിരുന്നു. അതുകൊണ്ട് ഒഴികഴിവ് പറഞ്ഞുകൊണ്ടിരുന്നു. അവസാനം രാജാവ് പീറിന്റെ അടുക്കൽ പോയപ്പോൾ മന്ത്രിയേയും കൂടെ കൊണ്ടുപോയി. പീർ സാഹിബ് രാജാവിനെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞു, ബാദ്ശാഹെ സലാമത്ത്! ദീനീ സേവനം വളരെ നല്ല കാര്യമാണ്. സെക്കന്ദർ ബാദ്ശാഹ് ഇസ്ലാം ദിനിന് സേവനം ചെയ്തു. ഇന്നു വരെ അദ്ദേഹം പ്രശസ്തനായി നിലകൊള്ളുന്നു.(ഇതു ഞാൻ മുമ്പേയും മറ്റൊരു കാര്യം പറഞ്ഞപ്പോൾ ഒരു പ്രാവശ്യം വിവരിച്ചിട്ടുള്ളതാണ്.)ഇതുകേട്ട് മന്ത്രി പറഞ്ഞു: ഹുദൂർ നോക്കിയാലും! പീർ സാഹിബിന് വിലായത്തിനോടൊപ്പം ചരിത്രത്തിലും വളരെ അവഗാഹമുണ്ട്.' സെക്കന്ദർ ഇസ്ലാം ആവിർഭവിക്കുന്നതിനുമുമ്പേ മൺമറഞ്ഞ വ്യക്തിയാണ്. അദ്ദേഹത്തെ കുറിച്ചാണ് പീർ സാഹിബ് സംസാരിക്കുന്നത്. അതായത് അങ്ങയുടെ ഈ വലിയുല്ലാ സാഹിബ് വെറും വലിയുല്ലാഹ് അല്ല, മറിച്ച് ഇദ്ദേഹം ചരിത്രകാരനുമാണ്. പുതിയ ചരിത്രം അദ്ദേഹം ഉണ്ടാക്കിയിരിക്കുന്നു. ഇതുകേട്ട് രാജാവിന് ആ പീറിനോട് വെറുപ്പായി. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ഖിസ്സ പറഞ്ഞുകൊണ്ട് പറയാറുണ്ടായിരുന്നു, അറിവിന്റെ മജ്ലിസ്സുകളും വളരെ അത്യാവശ്യമാണ്. അതിനെക്കുറിച്ച് മനുഷ്യൻ അറിയാത്തിടത്തോളം മറ്റുള്ളവരുടെ ദൃഷ്ടിയിൽ അപമാനിതനായിത്തീരുന്നു. അതുപോലെതന്നെ മജ്ലിസ്സിലെ മര്യാദകളും ഗൗനിക്കേണ്ടത് അനിവാര്യമാണ്. ഉദാഹരണത്തിന് ഒരു കൂടിയാലോചനാ സഭ നടന്നുകൊണ്ടിരിക്കുകയാണ്. വലിയെ പണ്ഡിതനായിരിക്കുന്ന ഒരാൾ അവിടെ പോയി കിടക്കുകയാണെങ്കിൽ ആരും അയാളുടെ അറിവ് മാനിക്കുകയില്ല. അയാളെ കുറിച്ച് ചീത്ത സ്വാധീനമായിരിക്കും ഉണ്ടാകുന്നത്. ഏതു മജ്ലിസാണെങ്കിലും ഏതു തരത്തിലുള്ള മജ്ലിസാണെങ്കിലും മുറബ്ബിയോ മുബല്ലിഗോ ആ മജ്ലിസിൽ പോയാൽ അദ്ദേഹത്തിന് അറിവുണ്ടായിരിക്കേണ്ടത് അനിവാര്യമാണ്. എല്ലാ മുബല്ലിഗുമാരും മാന്യന്മാരുടെ മജലിസ്സിൽ ചെന്നിരിക്കാൻ അത്യാവശ്യമായ ഭൂമിശാസ്ത്രം, ചരിത്രം, ഗണിതം, വൈദ്യം, സംസാരമര്യാദ, സദസ്സിന്റെ മര്യാദ തുടങ്ങിയ കാര്യങ്ങളിലുള്ള അറിവുകൾ കരസ്ഥമാക്കിയിരിക്കേണ്ടതാണ്. ഇത് ദുഷ്കരമായ കാര്യമൊന്നുമല്ല. അല്പം അധ്വാനംകൊണ്ട് ഇക്കാര്യം കരസ്ഥമാക്കാവുന്നതാണ്. ഇതിനുവേണ്ടി ഓരോന്നിന്റേയും പ്രാഥമിക പുസ്തകങ്ങൾ വായിക്കേണ്ടതാണ്. ഇക്കാലത്ത് നമ്മുടെ മുറബ്ബിമാരോട് വർത്തമാനകാല സംഭവങ്ങളെ സംബന്ധിച്ച് ചോദ്യങ്ങൾ ചോദിക്കാറുണ്ട്. പക്ഷേ, ചില മുറബ്ബിമാർക്ക് പത്രങ്ങളും മറ്റും സ്ഥിരമായി വായിക്കാത്തതിനാൽ അറിവുണ്ടാകുകയില്ല. അല്ലെങ്കിൽ വാർത്തകൾ കേൾക്കാത്തതുകൊണ്ട് അറിവുണ്ടാകുകയില്ല. അല്ലെങ്കിൽ ചിലകാര്യങ്ങളുടെ ആഴത്തിലേക്ക് ഇറങ്ങിച്ചെന്നിട്ടുണ്ടാകുകയില്ല. അതുകൊണ്ട് ലൗകികർ മോശമായ ഫലമായിരിക്കും അതിൽനിന്നെടുക്കുന്നത്. അതിനാൽ വർത്തമാനകാല അവസ്ഥകളെക്കുറിച്ച് അറിവുണ്ടാകണം. ഏതു മജ്ലിസുകളിൽ പോകുകയാണെങ്കിലും അതിനെ കുറിച്ചുള്ള അറിവ് തീർച്ചയായും കരസ്ഥമാക്കിയിരിക്കേണ്ടതാണ്. അതിനുവേണ്ടി ഓരോ വിഷയത്തിന്റേയും പ്രാഥമിക ഗ്രന്ഥങ്ങൾ വായിച്ചിരിക്കേണ്ടതാണ്.'(അൻവാറുൽ ഉലൂം വാള്യം 5 പേജ് 584-585)

ഇതിനുപുറമേയും നമ്മുടെ മുറബ്ബിമാരോട് ഈയിടെയായി ഇക്കാലത്തിന്റെ അവസ്ഥകളനുസരിച്ച്, വർത്തമാനകാലത്തെ സംബന്ധിച്ച് ചോദ്യങ്ങൾ ചോദിക്കുന്നു. പത്രങ്ങളും മറ്റും കൃത്യമായി വായിക്കാത്തതുകൊണ്ട് അല്ലെങ്കിൽ വാർത്തകൾ കേൾക്കാത്തതുകൊണ്ട് അറിവുണ്ടാകുകയില്ല. അല്ലെങ്കിൽ ഏതെങ്കിലും കാര്യത്തെ കുറിച്ച് ആഴത്തിൽ കാര്യങ്ങൾ മനസ്സിലാക്കിയിട്ടുണ്ടാകുകയില്ല. അതുകൊണ്ട് ചില ഘട്ടങ്ങളിൽ ഭൗതികജനങ്ങളിൽ അത് ദുസ്വാധീനമുണ്ടാക്കുന്നു. ചിലയിടങ്ങളിൽനിന്ന് പരാതിയും വരാറുണ്ട്. അതുകൊണ്ട് വർത്തമാന കാലത്തെകുറിച്ചുള്ള അറിവ് ഉണ്ടാകണം. ഏത് മജ്ലിസ്സിൽ പോകുകയാണെങ്കിലും അവിടെത്തെ വിഷയത്തെ കുറിച്ച് അറിവ് കരസ്ഥമാക്കിയാവണം പോകേണ്ടത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരു ഉദാഹരണം വിവരിച്ചു: 'ഒരാൾക്ക് രണ്ടു മക്കളുണ്ടായിരുന്നു. അയാൾ തന്റെ സ്വത്ത് അവർക്ക് വീതിച്ചുകൊടുത്തു. ചെറിയവൻ തന്റെ ഓഹരിയെല്ലാം വാങ്ങി ദൂരത്തെവിടെയോ പോയി. അവിടെ തന്റെ ധനമെല്ലാം ധൂർത്തടിച്ചു നഷ്ടപ്പെടുത്തി. അവസാനം അവൻ ഒരാളുടെ വീട്ടിൽ ഇടയൻ എന്ന നിലയിൽ ജോലി നോക്കി. (എല്ലാം കൊള്ളയടിക്കപ്പെട്ടു. അവസാനം തൊഴിലെടുക്കേണ്ടിവന്നു.)ഈ അവസ്ഥയിൽ തന്റെ പിതാവിന്റെ എത്ര തൊഴിലാളികൾക്കാണ് ഭക്ഷണത്തിനുള്ള വക സുലഭമായി കിട്ടുന്നത്, എന്നാൽ, താൻ ഇവിടെ അധ്വാനിച്ചിട്ടും വിശന്നു മരിക്കുകയാണ്, എന്തുകൊണ്ട് പിതാവിന്റെ അടുക്കൽ പോയി തന്നെയും തൊഴിലാളിയാക്കാൻ പറഞ്ഞുകൂടാ എന്നിങ്ങനെ അവൻ ചിന്തിക്കാൻ തുടങ്ങി. അങ്ങനെ അവൻ പിതാവിന്റെ അടുക്കൽ പോയി. പിതാവ് അവനെ കണ്ടപ്പോൾ വളരെ സന്തോഷിച്ചു. അവനെ കെട്ടിപ്പിടിച്ചു. സദ്യ ഒരുക്കാൻ നല്ലൊരു കാളക്കുട്ടിയെ അറുക്കാൻ അയാൾ ജോലിക്കാരോടു പറഞ്ഞു. അയാളുടെ രണ്ടാമത്തെ മകൻ വന്നപ്പോൾ(അവനും സ്വത്തു കൊടുത്തതാണ്. അവൻ നല്ല നിലയിൽ കച്ചവടം നടത്തിവരികയാണ്)അവന് പിതാവിന്റെ പെരുമാറ്റം ഇഷ്ടപ്പെട്ടില്ല.(എല്ലാം നഷ്ടപ്പെടുത്തി വന്നവന് ഇത്രമാത്രം സ്വീകരണം നല്കുന്നത് ഇഷ്ടപ്പെട്ടില്ല.)പിതാവിനോടു അവൻ പറഞ്ഞു: ഞാൻ ഇത്രവർഷമായിട്ട് അങ്ങയ്ക്ക് സേവനം ചെയ്യുന്നു. ഒരിക്കലും അങ്ങയുടെ കല്പനയ്ക്ക് വിരുദ്ധം പ്രവർത്തിച്ചിട്ടില്ല. എന്നാൽ, അങ്ങ് ഒരിക്കലും നിന്റെ കൂട്ടുകാരോടൊപ്പം നീ സന്തോഷിക്കുക എന്ന് പറഞ്ഞ് ഒരു ആട്ടിൻകുട്ടിയെപോലും എനിക്കു തന്നിട്ടില്ല. പക്ഷേ, തന്റെ പണം മുഴുവൻ ധൂർത്തടിച്ചു കളഞ്ഞ അങ്ങയുടെ ഈ മകൻ വന്നപ്പോൾ പോറ്റി വളർത്തിയ കാളക്കുട്ടിയെ അവനുവേണ്ടി അറുപ്പിച്ചു. പിതാവ് പറഞ്ഞു, നീ എപ്പോഴും എന്നോടൊപ്പമുണ്ട്. എന്റേതെല്ലാം നിന്റേതാണ്. പക്ഷേ, നിന്റെ ഈ സഹോദരൻ വന്നപ്പോൾ സന്തോഷിക്കാൻ കാരണം അവൻ ചത്തുപോയിരുന്നു, ഇപ്പോൾ ജീവിച്ചുവന്നു എന്നതാണ്. കളഞ്ഞുപോയതായിരുന്നു. ഇപ്പോൾ കിട്ടി. അതിനാൽ 'ആരാണോ തെറ്റു സമ്മതിക്കുകയും ആ തെറ്റിനുശേഷം അല്ലാഹുവിന്റെ സന്നിധിയിൽ പോകുകയും അവന്റെ മുമ്പിൽ കുനിയുകയും തന്റെ തെറ്റ് ഏറ്റു പറയുകയും ലജ്ജ പ്രകടിപ്പിക്കുകയും ചെയ്യുന്നത് തീർച്ചയായും അല്ലാഹു അവന്റെ പശ്ചാത്താപം സ്വീകരിക്കുന്നു. ആദ്യത്തെക്കാൾ കൂടുതൽ അവനിൽ കരുണ ചൊരിയുന്നു.' (ഖുത്ബാത്തെ മഹ്മൂദ് വാള്യം 12 പേജ് 375)

അതുകൊണ്ട് തന്നോടു അല്ലാഹു ഈ രീതിയിൽ പെരുമാറണം എന്ന് ആഗ്രഹിക്കുന്ന ഒരു മുഅ്മിനും, തെറ്റുചെയ്തു വരുന്നവൻ സത്യഹൃദയത്തോടെ മാപ്പു ചോദിക്കാൻ വരികയും തെറ്റുകൾ സമ്മതിക്കുകയുമാണെങ്കിൽ തന്റെ സഹോദരനാണെന്നു കരുതി അല്ലാഹുവിന്റെ സിഫത്തുകൾ സ്വായത്തമാക്കിക്കൊണ്ട് നല്ല നിലയിലും വിട്ടുവീഴ്ചയോടും കൂടി പെരുമാറേണ്ടതാണ്. അതിനോടൊപ്പം അവനുവേണ്ടി ദുആയും ചെയ്യേണ്ടതാണ്. അവൻ മാപ്പു ചോദിക്കുന്നില്ലെങ്കിൽത്തന്നെയും അല്ലാഹു അവന്റേയും നമ്മളുടേയും തെറ്റുകൾ മാപ്പാക്കുന്നതിനും നമ്മളോടു വിട്ടുവീഴ്ചയോടെ പെരുമാറുന്നതിനും ദുആ ചെയ്യേണ്ടതാണ്. മനുഷ്യന്റെ പെരുമാറ്റം ഏതവസ്ഥയിലും ശക്തമായിരിക്കേണ്ടതാണ്. അങ്ങോട്ടും ഇങ്ങോട്ടും ചാഞ്ചാടിക്കളിക്കാൻ പാടില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയാറുണ്ടായിരുന്നു, ഒരു രാജാവ് ഒരിക്കൽ വഴുതനങ്ങ തിന്നു. അയാൾക്കത് നല്ലവണ്ണം ഇഷ്ടപ്പെട്ടു. (ഒരുപാടാളുകൾ ഈ കഥ കേട്ടിട്ടുണ്ടാകും.)അയാൾ ദർബാറിൽ വന്നപ്പോൾ പറഞ്ഞു: വഴുതനങ്ങ എത്ര നല്ല സാധനമാണ്. അയാൾക്കൊരു സഹചാരി ഉണ്ടായിരുന്നു. അയാളും വഴുതനങ്ങയെ സ്തുതിച്ച് പറയാൻ തുടങ്ങി: 'അതിന്റെ ആകൃതി നോക്കുക എത്ര മനോഹരമാണ്. തല കണ്ടില്ലേ, ഏതോ പുണ്യാളൻ തലപ്പാവ് കെട്ടിയതുപോലെയുണ്ട്. നീലനിറത്തിലുള്ള വസ്ത്രമാണ്. അത് ആകാശത്തിന്റെ നിറം ചാർത്തുന്നതാണ്. അത് അതിന്റെ ചെടിയിൽ തൂങ്ങി കിടക്കുന്നതുകാണുമ്പോൾ ഏതോ രാജകുമാരൻ ഊഞ്ഞാലാടുന്നതുപോലെ തോന്നുന്നു.'(ഇങ്ങനെയൊക്കെ അയാൾ സ്തുതിച്ചു പറഞ്ഞു). ഔഷധപരമായും എത്രയെത്ര ഗുണങ്ങളുണ്ടോ അവയും ഓരോന്നോരോന്നായി എണ്ണിയെണ്ണി പറയാൻ തുടങ്ങി. ഇതുകാരണത്താൽ രാജാവിന് വഴുതനങ്ങയോടു താൽപര്യമുണ്ടാകുകയും കുറച്ചുദിവസം അടുപ്പിച്ച് തിന്നുകയും ചെയ്തു. വഴുതനങ്ങ ചൂടാണ്. അതുകൊണ്ട് അത് മൂർച്ചയുണ്ടാക്കി. അദ്ദേഹത്തിന് സുഖമില്ലാതായി. അങ്ങനെ രാജാവ് ഒരു ദിവസം വഴുതനങ്ങ ചീത്ത സാധനമാണെന്ന് പറഞ്ഞു. അപ്പോൾ സഹചാരി അതിന്റെ ദോഷങ്ങൾ എണ്ണിപ്പറയാൻ തുടങ്ങി: 'അതിന്റെ രൂപം നോക്കുക. എത്രമാത്രം കറുത്ത മുഖമാണ്. നീല കാലാണ്. തൂങ്ങിക്കിടിക്കുന്നതുപോലെ തലകീഴായാണ് കിടപ്പ്.' ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു:ഹദ്റത്ത് മസീഹ് മൗഊദ് (അ)പറയാറുണ്ടായിരുന്നു, എല്ലാ വസ്തുവിനും നല്ലഗുണങ്ങളും ദോഷങ്ങളും കുറവുകളുമുണ്ടാകും. ആ സമയത്ത് ആ സഹചാരി ഔഷധപരമായി എന്തെന്തെല്ലാം കുറവുകളുണ്ടോ അവയും എണ്ണിപ്പറഞ്ഞു. 'ഇന്നലെ നീ അതിനെ വാഴ്ത്തി പറഞ്ഞു നടന്നു, ഇന്നതിനെ നീ ഇകഴ്ത്തിപ്പറയുന്നതെന്താ'ണെന്ന് അടുത്തിരുന്ന ആളുകളിൽ ഒരാൾ ചോദിച്ചു. കുറഞ്ഞ പക്ഷം സത്യമെന്താണെന്ന് പറയുക. അപ്പോൾ അയാൾ പറഞ്ഞു, 'ഞാൻ രാജാവിന്റെ ജോലിക്കാരനാണ്; വഴുതനങ്ങയുടെ ജോലിക്കാരനല്ല.'

മുസ്ലിം ലോകത്ത് ഇന്ന് പൊതുവെ ഇതുതന്നെയാണ് കണ്ടു വരുന്നത്. അതുകണ്ടിട്ട് നമ്മൾ പാഠം പഠിക്കേണ്ടതാണ്. സ്വഭാവത്തിന്റെ അടിസ്ഥാനത്തിലും പെരുമാറ്റത്തിന്റെ അടിസ്ഥാനത്തിലും ഏറ്റവും ശക്തമായ പങ്ക് മുസ്ലീംകളുടേതായിരിക്കേണ്ടതാണ്. പക്ഷേ, ദൗർഭാഗ്യംകൊണ്ട് സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും അധഃപതിച്ചത് ഇവരാണ്. സത്യസന്ധതയിൽ നില്ക്കുന്ന പ്രശ്നംതന്നെ ഉദിക്കുന്നില്ല. മുഖസ്തുതിയും സ്വന്തം നേട്ടവും കാണുമ്പോൾ അതിലേക്ക് മറിഞ്ഞു വീഴുന്നു. നേതാക്കന്മാർ ആണെങ്കിലും വേണ്ടില്ല. സാധാരണ ജനങ്ങളാണെങ്കിലും വേണ്ടില്ല. ശരിയും തെറ്റും മുന്നിൽവച്ച് പിന്നീട് തങ്ങളുടെ അഭിപ്രായം പറയുകയും ശരിയായ തീരുമാനം നല്കുകയും ചെയ്യുക എന്നതാണ് സത്യസന്ധതയുടെ തേട്ടം.

ഇത് മറ്റൊരു സംഭവമാണ്. അതും ഞാൻ വിവരിക്കുകയാണ്. ഇതിന്റെ ബന്ധം അല്ലാഹുവുമായിട്ടുള്ള ബന്ധത്തിലാണ്. അല്ലാഹുമായിട്ടുള്ള ബന്ധംതന്നെയാണ് യഥാർഥത്തിൽ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നത്. ഈ ബന്ധം തഖ്വ കൊണ്ടാണ് വളരുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചുകൊണ്ട് ശരിയായ ഇസ്ലാമികാധ്യാപനമനുസരിച്ച് ജീവിക്കുമെന്നാണ് അഹ്മദികളായ നമ്മുടെ വാദം. അങ്ങനെ ജീവിക്കുന്നതിന് എല്ലാ അവസ്ഥയിലും അല്ലാഹുവിലേക്ക് നോക്കേണ്ടതാണ്. അവനുമായി ബന്ധം സ്ഥാപിക്കേണ്ടതാണ്. നമ്മുടെ വിജയ

മൊരിക്കലും ഭൗതിക കാര്യങ്ങളാൽ ഉണ്ടാകുകയില്ല. അതുകൊണ്ട് നമ്മുടെ ഉള്ളിൽ ഭക്തിയും ദൈവഭയവും ഉണ്ടാക്കുകയാണെങ്കിൽ അപ്പോഴാണ് നമ്മുടെ വിജയങ്ങൾ. ഈ അവസ്ഥ ഉണ്ടാകുമ്പോൾ മലക്കുകൾ നമ്മുടെ വഴി സമനിരപ്പാക്കിക്കൊണ്ടുപോകുന്നതാണ്. ഇൻശാ അല്ലാഹ്. അതുകൊണ്ട് നമ്മളിലോരോരുത്തരും ഇത് ചിന്തിക്കേണ്ട ആവശ്യമുണ്ട്. തഖ്‌വ ഉണ്ടാക്കുന്നതിന് നമ്മൾ പരിശ്രമിക്കേണ്ടതാണ്. അല്ലാഹുവുമായി ബന്ധമുണ്ടാക്കേണ്ടതാണ്. ഒരുപാട് പരിതഃസ്ഥിതികളിൽ നമ്മൾ കാണാറുണ്ട്, ഒരു ലൗകികന്, ലൗകികനുമായിട്ടുള്ള ബന്ധം ഫലം ചെയ്യുമെങ്കിൽ അല്ലാഹുമായിട്ടുള്ള ബന്ധം അതിനെക്കാൾ ആയിരങ്ങളും ലക്ഷങ്ങളും ഇരട്ടി ഫലമെത്തിക്കുന്നതാണ്. ഇതു സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരു കഥ പറയാറുണ്ടായിരുന്നു. ഒരാൾ എവിടെയോ യാത്ര പോകുമ്പോൾ അയാൾ തന്റെ കുറച്ചു പണം ഖാളിയുടെ കൈയിൽ അമാനത്തായി വെപ്പിച്ചു. കുറച്ചു കാലത്തിനു ശേഷം മടങ്ങിവന്ന് അയാൾ പണം ചോദിച്ചപ്പോൾ ഖാളിയുടെ നിയ്യത്ത് മാറി. അയാൾ പറഞ്ഞു, മിയാ! കുറച്ചു ആലോചിച്ച് സംസാരിക്കുക. ഏതു പണം? ഏതേ അമാനത്ത്? എന്റെ കൈയിൽ നീ എപ്പോഴാണ് പണം തന്നത്? അയാൾ അമാനത്തിനെ കുറിച്ച് ഒന്നും എഴുതി വാങ്ങിയിരുന്നില്ല. കാരണം ഖാളി സാഹിബ് തന്നെമതി എന്നാണ് അയാൾ കരുതിയത്. എന്നാൽ, ഖാളിസാഹിബ് പറഞ്ഞു, നീ എന്തെങ്കിലും പണം തന്നിട്ടുണ്ടെങ്കിൽ അതിന്റെ രേഖ കൊണ്ടുവരിക. രസീദ് കാണിക്കുക. സാക്ഷികളെ കൊണ്ടുവരിക. അയാൾ ഒരുപാട് ഓർമിപ്പിച്ചെങ്കിലും ഖാളി സാഹിബ് ഇതു തന്നെ പറഞ്ഞുകൊണ്ടിരുന്നു; നിന്റെ ബുദ്ധി തിരിഞ്ഞുപോയി. നീ എന്നെ പണമൊന്നും ഏല്പിച്ചിട്ടില്ല. അവസാനം അയാൾ രാജാവിനോട് പരാതി ബോധിപ്പിച്ചു. രാജാവു പറഞ്ഞു, 'നിയമപരമായ നിലയിൽ എനിക്കു നിനക്കുവേണ്ടി ഒന്നും ചെയ്യാൻ സാധിക്കുകയില്ല. നിനക്കെതിരിൽ വിധി നല്കാൻ ഞാൻ നിർബന്ധിതനാണ്. കാരണം ഒരു രേഖയില്ല, സാക്ഷിയില്ല, തെളിവുമില്ല. ഒരു തന്ത്രം ഞാൻ നിനക്കു പറഞ്ഞു താരാം. നീ സത്യവാനാണെങ്കിൽ ഇതിനെ നിനക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. ഇന്ന ദിവസം എന്റെ ഘോഷയാത്ര വരും. ഖാളിയും എന്റെ വാതിൽക്കൽ ഉണ്ടാകുന്നതാണ്. നീയും എങ്ങനെയെങ്കിലും അയാളുടെ അടുക്കൽ നിൽക്കണം. ഞാൻ നിന്റെ അടുക്കൽ വന്ന് ഔപചാരികമായ മര്യാദയൊന്നുകൂടാതെ തുറന്ന് സംസാരിക്കുന്നതാണ്; നീ എന്നെ കാണാൻ എന്താണ് വരാതിരുന്നത്? എത്ര കാലമായി കണ്ടിട്ട്? എന്നിങ്ങനെ ചോദിക്കുന്നതാണ്. അപ്പോൾ അയാൾ അങ്ങനെ തന്നെ ചെയ്തു. ഘോഷയാത്രയുടെ ദിവസം ഖാളി സാഹിബിന്റെ അടുക്കൽ പോയി നിന്നു. രാജാവു വന്നപ്പോൾ ഖാളി സാഹിബിനോടു സംസാരിക്കുന്നതിനു പകരം അയാളെ നോക്കി സംസാരിക്കാൻ തുടങ്ങി. പറഞ്ഞു, നീ പൊയ്ക്കളഞ്ഞല്ലോ? കുറെ കാലമായിട്ട് കാണുന്നതുതന്നെയില്ലല്ലോ? അയാൾ തന്റെ യാത്രയെ കുറിച്ച് പറഞ്ഞു. മടങ്ങി വന്നപ്പോൾ എന്തുകൊണ്ട് വന്നില്ല എന്നു രാജാവു ചോദിച്ചു. തനിക്ക് കുറച്ച് വിഷമങ്ങളുണ്ടായി അതുകൊണ്ടാണ് വരാതിരുന്നതെന്ന് അയാൾ പറഞ്ഞു. കുറച്ചു പണം വസൂൽ ചെയ്യേണ്ടതുണ്ടായിരുന്നു. രാജാവ് പറഞ്ഞു, എന്തു പറഞ്ഞിട്ടും കാര്യമില്ല, നീ എന്നെ വന്ന് കാണേണ്ടതു തന്നെയായിരുന്നു. ഇടയ്ക്കിടെ എന്നെ വന്ന് കണ്ടുകൊണ്ടിരിക്കുക.

അങ്ങനെ രാജാവിന്റെ ഘോഷയാത്ര കടന്നുപോയി. ഖാളി സാഹിബ് അയാളോടു പറഞ്ഞു, മിയാ ഞാൻ പറയുന്നതൊന്ന് നീ കേൾക്കുക. നീ ആ ദിവസം വന്നിരുന്നല്ലോ? ഏതോ അമാനത്തിനെ കുറിച്ച് സംസാരിച്ചിരുന്നല്ലോ? ഞാൻ വയസ്സായിരിക്കുന്നു. ഓർമ അങ്ങനെ കിട്ടുന്നില്ല. എനിക്ക് ഓർമ വരാൻവേണ്ടി എന്തെങ്കിലും അതേ കുറിച്ച് പറയുക! അയാൾ മുമ്പേ പറഞ്ഞ കാര്യങ്ങളെല്ലാം വീണ്ടും ആവർത്തിച്ചു. അപ്പോൾ ഖാളിസാഹിബ് പറഞ്ഞു, അതേ ശരി, ഇന്ന തരത്തിലുള്ള സഞ്ചി നിന്റേതായിരുന്നു അല്ലേ? അതിവിടെ ഉണ്ടല്ലോ. നീ വന്ന് കൊണ്ടുപൊയ്ക്കോ. അങ്ങനെ പണം അയാൾക്ക് മടക്കിക്കൊടുത്തു. ഈ സംഭവം കേൾപ്പിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയാറുണ്ടായിരുന്നു: ലോകത്തിന്റെ എതിർപ്പിനെ എന്തു ഭയപ്പെടാനാണ്. വലിയ ജേർണലിനുപോലും വാളുകളോ തോക്കുകളോ കൊണ്ടേ നഷ്ടമുണ്ടാക്കാൻ കഴിയുകയുള്ളു. എന്നാൽ, ഈ എല്ലാ വസ്തുക്കളും നമ്മുടെ അല്ലാഹുവിന്റേതാണ്. അവൻ ഈ ഭാഗത്ത് ആക്രമണം നടത്തരുതെന്ന് പറഞ്ഞാൽ ആർക്കാണ് ആക്രമണം നടത്താൻ കഴിയുക? അതുകൊണ്ട് മനുഷ്യർ അല്ലാഹുവുമായി കൂട്ടുകൂടേണ്ടതാണ്. അവനെ സ്നേഹിക്കേണ്ടതാണ്. ഭയംകൊണ്ട് അല്ലെങ്കിൽ വധിക്കുകയും വധിക്കപ്പെടുകയും ചെയ്യുന്നതുകൊണ്ട് ഒന്നും നടക്കുകയില്ല. മനുഷ്യൻ, തന്നെ അല്ലാഹുവിന്റെ കൈയിൽ ഏല്പിച്ചുകൊടുക്കുകയും അവൻ എങ്ങോട്ടു കൊണ്ടുപോകുന്നുവോ അങ്ങോട്ടു പോകുകയും ചെയ്യുക എന്നതാണ് പുരോഗതിയുടെ വഴി.' (ഖുത്ബാത്തെ മഹ്മൂദ് വാള്യം 15 പേജ് 274–275)

ഒരു സത്യവിശ്വാസിയുടെ ഉദാഹരണമെന്താണ്? സത്യസന്ധനായ സുഹൃത്തുമായിട്ടാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) സത്യവിശ്വാസിയെ ഉദാഹരിക്കുന്നത്. അവിടന്ന് കേൾപ്പിക്കാറുണ്ടായിരുന്നു. ഒരു സമ്പന്നനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മകന് ദുർനടപ്പുകാരായ കുറച്ചു കൂട്ടുകാരുണ്ടായിരുന്നു. ഈ സുഹൃത്തുക്കൾ നിന്റെ ഗുണകാംക്ഷികളല്ലെന്നും വെറും അത്യാഗ്രഹംകൊണ്ടാണ് നിന്റെയടുത്ത് വരുന്നതെന്നും നിന്നോടു അവർക്ക് ഒരു കൂറുമില്ലെന്നും അദ്ദേഹം തന്റെ മകന് മനസ്സിലാക്കിക്കൊടുത്തു. എന്നാൽ, മകൻ തന്റെ പിതാവിനോടു പറഞ്ഞു,'താങ്കൾക്ക് ഒരു യഥാർഥ സുഹൃത്തിനേയും ഇതുവരെ കിട്ടിയിട്ടില്ലെന്നാണ് മനസ്സിലാകുന്നത്. അതുകൊണ്ടാണ് താങ്കൾ എല്ലാവരേയും സംബന്ധിച്ച് ഇങ്ങനെ ധരിക്കുന്നത്. എന്റെ സുഹൃത്തുക്കളാരും താങ്കൾ വിചാരിക്കുന്ന പോലുള്ളവരല്ല. അവർ വളരെ കൂറുള്ളവരാണ്. എനിക്കുവേണ്ടി ജീവൻ ബലിയർപിക്കാൻവരെ തയ്യാറാണ്.' സത്യസന്ധരായ സുഹൃത്തുക്കളെ കിട്ടാൻ വിഷമമാണെന്നും തന്റെ ജീവിതത്തിൽ ഒരേയൊരു സുഹൃത്തിനെ മാത്രമേ കിട്ടിയിട്ടുള്ളുവെന്നും പറഞ്ഞ് പിതാവ് വീണ്ടും അവന് മനസ്സിലാക്കിക്കൊടുത്തു. പക്ഷേ, ആ മകൻ തന്റെ പിടിവാശിയിൽ ഉറച്ചുനിന്നു. കുറച്ചു കാലത്തിനുശേഷം അവൻ വീട്ടിൽനിന്ന് ചെലവിന് കുറച്ചു പണം ചോദിച്ചു. പിതാവ് പറഞ്ഞു, 'നിന്റെ ചെലവ് എനിക്ക് വഹിക്കാൻ പറ്റുകയില്ല. നീ നിന്റെ സുഹൃത്തുക്കളോടു ചോദിക്കുക. എന്റെ കൈയിൽ ഇപ്പോൾ ഒന്നുമില്ല.' വാസ്തവത്തിൽ പിതാവ് അവന്റെ സുഹൃത്തുക്കളെ പരീക്ഷിക്കാനുള്ള ഒരു അവസരം അവനുണ്ടാക്കിക്കൊടുക്കാൻ ആഗ്രഹിക്കുകയായിരുന്നു. പിതാവ് ഈ മറുപടി നല്കിയപ്പോൾ എല്ലാ സുഹൃത്തുക്കൾക്കും ഇക്കാര്യം മനസ്സിലാകുകയും അവരെല്ലാവരും അവന്റെയടുത്തുള്ള വരവും പോക്കും നിറുത്തുകയും ചെയ്തു. അവനുമായുള്ള കൂടിച്ചേരലും ഉപേക്ഷിച്ചു. അവസാനം പൊറുതിമുട്ടി സ്വയം കൂട്ടുകാരുടെ അടുക്കൽ പോകാൻ തുടങ്ങി. ഏതൊരു സുഹൃത്തിന്റെ വീട്ടിൽപ്പോയി മുട്ടി വിളിച്ചാലും അവരെല്ലാവരും താനിവിടെ ഇല്ലെന്ന് പറയാൻ ഉള്ളിൽനിന്ന് ആളെ അയച്ചു. അല്ലെങ്കിൽ സുഖമില്ലാതെ കിടക്കുകയാണെന്ന് പറഞ്ഞയക്കും. അങ്ങനെ പകൽമുഴുവൻ അവൻ ചുറ്റിക്കറങ്ങി. ഒരു സുഹൃത്തും അവനെ കാണാൻ വെളിയിൽ വന്നില്ല. അവസാനം വൈകുന്നേരം വീട്ടിൽ തിരിച്ചെത്തി. സുഹൃത്തുക്കൾ എന്താണ് സഹായിച്ചതെന്ന് പിതാവ് അവനോടു ചോദിച്ചു. അവൻ പറഞ്ഞു, എല്ലാവനും ഹറാമ്(നിഷിദ്ധ വസ്തുക്കൾ) തിന്നുന്നവനാണ്. ഓരോരുത്തനും ഓരോ ഒഴികഴിവ് പറഞ്ഞ് മുങ്ങി. അവർ കൂറില്ലാത്തവരാണെന്ന് ഞാൻ നിന്നോടു പറഞ്ഞില്ലേ എന്ന് പിതാവ് അവനോടു ചോദിച്ചു. എന്തായാലും നിനക്കും അറിയാൻ കഴിഞ്ഞത് നല്ലതുതന്നെ. ഇനി നീ എന്റെ കൂടെ വരിക, ഞാൻ എന്റെ സുഹൃത്തിനെ നിനക്ക് പരിചയപ്പെടുത്തിത്തരാം. ഈ പിതാവും മകനും പിതാവിന്റെ സുഹൃത്തിന്റെ വീട്ടിലെത്തി. വാതിലിൽ മുട്ടി വിളിച്ചു. അയാൾ താൻ വരുന്നുവെന്ന് ഉള്ളിൽനിന്ന് വിളിച്ചു പറഞ്ഞു. അയാൾ വെളിയിൽ വരാൻ കുറേ താമസിച്ചു. വാതിൽ തുറക്കാൻ ആരും വന്നില്ല. മകന്റെ മനസ്സിൽ പലവിധത്തിലുള്ള വിചാരങ്ങളുണ്ടാകാൻ തുടങ്ങി. അവൻ പിതാവിനോടു പറഞ്ഞു, 'അബ്ബാ ജീ! താങ്കളുടെ സുഹൃത്തും എന്റെ സുഹൃത്തുക്കളെപ്പോലെ തന്നെയാണെന്ന് മനസ്സിലാകുന്നു.' പിതാവ് പറഞ്ഞു, അല്പസമയം ക്ഷമിക്കുക. അങ്ങനെ കുറച്ചു സമയം കഴിഞ്ഞു. അയാൾ വാതിൽ തുറന്ന് പുറത്തുവന്നു. അപ്പോൾ അയാളുടെ കഴുത്തിൽ വാൾ തൂക്കിയിട്ടിട്ടുണ്ടായിരുന്നു. ഒരു കൈയിൽ ഒരു സഞ്ചി പിടിച്ചിട്ടുണ്ടായിരുന്നു. രണ്ടാമത്തെ കൈകൊണ്ടു ഭാര്യയുടെ തോളിലും പിടിച്ചിട്ടുണ്ടായിരുന്നു. വാതിൽ തുറന്നുടനെ അയാൾ പറഞ്ഞു, 'മാപ്പാക്കിയാലും! അങ്ങയ്ക്ക് ഒരുപാട് ബുദ്ധിമുട്ടുണ്ടായി. എനിക്ക് പെട്ടെന്ന് വരാൻ കഴിഞ്ഞില്ല. എനിക്കു പെട്ടെന്ന് വരാൻ കഴിയാതിരുന്നത്, വാതിലിൽ മുട്ടി വിളിച്ചപ്പോൾ ഇന്ന് താങ്കൾ നേരിട്ടു വന്നതുകൊണ്ട് എന്തോ പ്രത്യേകകാര്യമുണ്ടെന്ന് എനിക്ക് മനസ്സിലായി. ഇല്ലെങ്കിൽ ഏതെങ്കിലും ജോലിക്കാരെ അയച്ചാൽ മതിയല്ലോ? ഞാൻ വാതിൽ തുറക്കാൻ മുതിർന്നപ്പോൾ എനിക്കുടനെ ഓർമവന്നു എന്തെങ്കിലും മുസീബത്തുണ്ടായിട്ടുണ്ടാകുമെന്ന്. ഈ മൂന്നു വസ്തുക്കൾ എന്റെ കൈയിലുണ്ടായിരുന്നു. ഒന്ന് വാളാണ്. ഒന്നു സഞ്ചി. അതിൽ എന്റെ ഒരു വർഷത്തെ സമ്പാദ്യമാണ്. ഒന്ന് എന്റെ ഭാര്യ. താങ്കളുടെ ഭാര്യക്ക് എന്തെങ്കിലും ബുദ്ധുമുട്ടുണ്ടെങ്കിൽ അവൾ സേവനം ചെയ്യാൻ സന്നദ്ധയാണ്. വാതിൽ തുറക്കാൻ താമസിച്ചത് സഞ്ചി മണ്ണിൽ കുഴിച്ചിട്ടിരിക്കുകയായിരുന്നു. അതെടുക്കാൻ വൈകിയതാണ്. ജീവൻ സമർപിക്കേണ്ട ആവശ്യമുണ്ടെങ്കിലെന്നോർത്താണ് വാളെടുത്തത്.' ആ സമ്പന്നൻ പറഞ്ഞു: എന്റെ സുഹൃത്തെ എനിക്ക് ഇപ്പോൾ ആരുടേയും സഹായം വേണ്ട. എനിക്കൊരു മുസീബത്തും ഇപ്പോൾ ഉണ്ടായിട്ടില്ല. ഞാൻ വന്നത് എന്റെ മകനെ പാഠം പഠിപ്പിക്കാൻവേണ്ടി മാത്രമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയാറുണ്ടായിരുന്നു:'ഇതാണ് സത്യസന്ധമായ സുഹൃത്ത്ബന്ധം. ഇതിനെക്കാളുപരി മനുഷ്യൻ അല്ലാഹുവുമായി സുഹൃത്ത് ബന്ധം സ്ഥാപിക്കേണ്ടതാണ്. അവൻ തന്റെ ജീവനും സ്വത്തും തന്റേതായ എല്ലാ വസ്തുക്കളും അല്ലാഹുവിനുവേണ്ടി ത്യാഗംചെയ്യാൻ എപ്പോഴും സന്നദ്ധനായിരിക്കണം. സുഹൃത്ത് ചിലപ്പോൾ നമ്മൾ പറയുന്നത് സമ്മതിക്കും, ചലപ്പോൾ നമ്മളെക്കൊണ്ട് അവൻ പറയുന്നത് സമ്മതിപ്പിക്കും. ഇപ്രകാരം സത്യഹൃദയത്തോടും വിശാലഹൃദയത്തോടും കൂടി അല്ലാഹുവിന്റെ വഴിയിൽ ത്യാഗങ്ങൾ ചെയ്തുകൊണ്ടുപോകേണ്ടത് മനുഷ്യന്റെ നിർബന്ധകടമയാണ്. അല്ലാഹു നമ്മുടെ എത്രയെത്ര കാര്യങ്ങളാണ് അംഗീകരിക്കുന്നത്. രാവും പകലും അവൻ നല്കിയ അനുഗ്രഹങ്ങളിൽനിന്ന് നമ്മൾ പ്രയോജനമെടുക്കുന്നു. അവൻ നമ്മുടെ സന്തോഷത്തിനും സൗഖ്യത്തിനുംവേണ്ടി ഉണ്ടാക്കിയിട്ടുള്ള വസ്തുക്കൾ നമ്മൾ ഉപയോഗിക്കുന്നു. എന്ത് അവകാശത്തിന്റെ അടിസ്ഥാനത്തിലാണ് നമ്മൾ ഈ വസ്തുക്കളിൽനിന്ന് ഫലമെടുക്കുന്നത്. അല്ലാഹു നമ്മുടെ എത്ര ആഗ്രഹങ്ങളാണ് പൂർത്തിയാക്കിത്തരുന്നത്. ഇനി ഒന്നോ അരയോ നമ്മുടെ ആഗ്രഹത്തിനെതിരാണെങ്കിൽ ആളുകൾ എത്രപെട്ടെന്നാണ് അല്ലാഹുവിനെക്കുറിച്ച് ദുർഭാവന വെച്ചുപുലർത്തുന്നത്. യഥാർഥ ബന്ധം എന്താണെന്ന്

വെച്ചാൽ ബുദ്ധിമുട്ടാണെങ്കിലും എളുപ്പമാണെങ്കിലും രണ്ടവസ്ഥയിലും അടിയുറച്ചു നില്ക്കുക. അതിൽ ഒരു വ്യത്യാസവും വരാൻ പാടില്ല. (അൻവാറുൽ ഉലൂം വാള്യം 18 പേജ് 382-384)

അതിനാൽ നമസ്കാരത്തിനോടുള്ള കടമ നിറവേറ്റാത്തവർ ആത്മപരിശോധനനടത്തേണ്ടതാണ്. ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്ന് പ്രതിജ്ഞ ചെയ്തിട്ട് പൂർത്തിയാക്കാത്തവരും അഹ്മദിയ്യത്ത് കാരണത്താൽ മാത്രമാണ് തനിക്കിവിടെ പൗരത്വം കിട്ടിയതെന്ന യാഥാർഥ്യം മറന്നിട്ടുള്ളവരും കൂടുതൽ കൂടുതൽ ജമാഅത്തിന് സേവനം ചെയ്യാൻ മുന്നിലേക്ക് വരേണ്ടതാണ്. പക്ഷേ, അവർ അത് മറന്നു പോകുന്നു. ചിലപ്പോൾ ആക്ഷേപങ്ങളും ഉന്നയിക്കാൻ തുടങ്ങുന്നു. അത്തരക്കാർ നല്ല ആരാധകരല്ല. കൂറു പുലർത്തുന്നവരുമല്ല. കൂറ് എന്നത് ഹദ്റത്ത് മസീഹ് മൗഊദ് (അ)പറഞ്ഞതുപോലെ വിഷമഘട്ടത്തിലും സുഗമമായ അവസ്ഥയിലും ഞെരുക്കത്തിലും ഐശ്വര്യത്തിലും രണ്ടവസ്ഥകളിലും ഉന്നതനിലവാരത്തിലുള്ളതാകേണ്ടതാണ്. അല്ലാഹുവിനുവേണ്ടി എപ്പോഴും അവന്റെ വാതിൽക്കൽ ഇരുന്നുകൊണ്ട് ത്യാഗത്തിനുവേണ്ടി തങ്ങളെ തയ്യാറാക്കി എടുക്കേണ്ടതാണ്.

ഇതേ സുഹൃത്ബന്ധത്തിന്റെ കടമ നിറവേറ്റുന്നവരായ വ്യക്തികളുടെ സംഭവം-അത് ഞാനിപ്പോൾ കേൾപ്പിച്ചതാണ്-പ്രവാചകന്മാരുടേയും ദൈവദാസരുടേയുംമേൽ എങ്ങനെയാണ് യോജിക്കുന്നത്. ഇതും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)വലിയ മനോഹരമായ രീതിയിൽ ഹൃദയസ്പൃക്കായ വാക്കുകളിൽ സമർപിക്കുകയുണ്ടായി. എവിടെയാണോ സ്നേഹമുണ്ടാകുന്നത് അവിടെ പ്രമാണങ്ങൾ ചോദിക്കപ്പെടുകയില്ല. അവിടെ മനുഷ്യൻ ആദ്യം അനുസരണവിളംബരം നടത്തുന്നു. പിന്നീട് താൻ എങ്ങനെയാണ് ആ കല്പന അനുസരിച്ച് പ്രവർത്തിക്കേണ്ടതെന്ന് ചിന്തിക്കുന്നു. ഈ അവസ്ഥകൾതന്നെയാണ് പ്രവാചകന്മാരുടേത്.അല്ലാഹുവിന്റെ വചനം ആദ്യം ഇറങ്ങുമ്പോൾ അവനോടുള്ള സ്നേഹം അവരുടെ മനസ്സിൽ എത്രത്തോളം ഉണ്ടാകുന്നുവെന്നാൽ അവർ തെളിവുകളുടെ മീതെ കിടന്ന് കളിക്കുകയില്ല. അല്ലാഹുവിന്റെ വിളി അവരുടെ ചെവികളിലെത്തുമ്പോൾ ഞങ്ങളുടെ രക്ഷിതാവേ! നീ ഞങ്ങളെ പരിഹസിക്കുകയാണോ? ഞങ്ങളെവിടെ? ഈ പ്രവർത്തനമെവിടെ? എന്ന് അവർ ചോദിക്കുകയില്ല. മറിച്ച് ഞങ്ങളുടെ രക്ഷിതാവേ! വളരെ നല്ലത്, എന്നായിരിക്കും അവർ പറയുന്നത്. എന്നല്ല അങ്ങനെ പറഞ്ഞുകൊണ്ട് പണിയെടുക്കുന്നതിനുവേണ്ടി എഴുന്നേറ്റു നില്ക്കുകയായിരിക്കും അവർ ചെയ്യുന്നത്. അതിനുശേഷമാണ് തങ്ങളെന്താണ് ചെയ്യേണ്ടതെന്ന് ചിന്തിക്കുന്നത്. ഇതുതന്നെയാണ് നബി(സ) തിരുമേനി ചെയ്തത്. ഇതുതന്നെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) ആ രാത്രിയിൽ ചെയ്തത്. അല്ലാഹു പറഞ്ഞു: 'എഴുന്നേല്ക്കുക! ലോകത്തിന് മാർഗദർശനം നല്കാൻ എഴുന്നേറ്റു നില്ക്കുക!' അദ്ദേഹം ഉടനെ എഴുന്നേറ്റു നിന്നു. പിന്നീട് ഈ ജോലി താൻ എങ്ങനെയാണ് ചെയ്യേണ്ടതെന്ന് ചിന്തിക്കാൻ തുടങ്ങി. അതുകൊണ്ട് ഇന്നേക്ക് 50 വർഷം മുമ്പേ(ഇന്ന് 125 വർഷമായിരിക്കുന്നു, എന്നല്ല 126-127 വർഷമായിരിക്കുന്നു)യുള്ള ആ കൂരിരുൾ നിറഞ്ഞ രാത്രിയിൽ-അത് ലോകത്ത് ഭാവിയിൽ വരാൻപോകുന്ന വിപ്ലവങ്ങൾക്ക് ഉഗ്രൻ ആയുധമായി സ്ഥാപിതമാകാൻ പോകുന്നതും പുതിയൊരു ലോകത്തിന് നാന്ദികുറിക്കുന്ന പ്രഥമരാത്രിയും പ്രഥമ ദിവസവുമായി നിശ്ചയിക്കപ്പെട്ടതായിരുന്നു. നമ്മൾ ആ രാത്രിയുടെ ദൃശ്യങ്ങൾ ചിന്തിക്കുകയാണെങ്കിൽ തീർച്ചയായും നമ്മുടെ മനസ്സ് ആ സന്തോഷത്തെ തികച്ചും മറ്റൊരു ദൃഷ്ടികൊണ്ടായിരിക്കും കാണുക. ഈ സന്തോഷം അവർക്ക് ഏതു നിമിഷത്തിന്റെ ഫലമായിട്ടാണ് കിട്ടിയതെന്ന് ചിന്തിക്കുന്നവർ നമ്മളിൽ എത്ര പേരുണ്ട്? അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽ വന്നിട്ടുള്ളവർക്ക് ഈ സന്തോഷം എന്തു കർമത്തിന്റെ ഫലമായിട്ടാണ് കരസ്ഥമായത്. ഏതു രാത്രിക്കുശേഷമാണ് അവരിൽ വിജയത്തിന്റേയും സൗഭാഗ്യത്തിന്റേയും ദിവസം ഉദിച്ചുയർന്നത്? ആ നിമിഷത്തിന്റേയും ആ രാത്രിയുടേയും ഫലമായി കിട്ടിയത്? ഒരുപാടാളുകൾ മസീഹ് മൗഊദിനെ(വാഗ്ദത്ത മസീഹിനെ) കാത്ത് കാത്ത് കഴിഞ്ഞു മരിച്ചുപോയി. പക്ഷേ, വിശ്വസിച്ചവർ ചിന്തിക്കുന്നത് ഈ സന്തോഷത്തിന്റേയും ആഹ്ലാദത്തിന്റേയും വിജയത്തിന്റേയും സൗഭാഗ്യത്തിന്റേയും ദിവസം തങ്ങൾക്കുകിട്ടിയത്, ലോകത്തിന്റെ ദൃഷ്ടിയിൽ നിന്ദിതനും ഭൗതികമായ എല്ലാ സാധനസാമഗ്രികളും നിഷേധിക്കപ്പെട്ടവനുമായ ഏകനായ ഒരു വ്യക്തിയോട് 'എഴുന്നേല്ക്കുക, ലോകത്തിന് മാർഗദർശനം നല്കാൻ എഴുന്നേറ്റു നില്ക്കുക' എന്ന് അല്ലാഹു പറഞ്ഞപ്പോൾ, 'എന്റെ രക്ഷിതാവേ!ഞാൻ എഴുന്നേറ്റുനിന്നിരിക്കുന്നു' എന്ന് അദ്ദേഹം പറഞ്ഞ ആ നമിഷത്തിന്റേയും രാത്രിയുടേയും ഫലമാണെന്നാണ്. ഇതായിരുന്നു ആ കൂറ്. ഇതായിരുന്നു ആ സ്നേഹത്തിന്റെ ശരിയായ ദൃശ്യം. അത് അല്ലാഹു സ്വീകരിക്കുകയും അവൻ തന്റെ അനുഗ്രഹവും കാരുണ്യവുംകൊണ്ട് അദ്ദേഹത്തെ കടാക്ഷിക്കുകയും ചെയ്തു. കരയുക, ചിരിക്കുക എന്നത് അല്ലാഹുവിന്റെ പ്രൗഢിക്കു വിദൂരമാണ്. അല്ലാഹു കരയാറുമില്ല. ചിരിക്കാറുമില്ല. പക്ഷേ, സ്നേഹത്തോടെയുള്ള സംസാരത്തിലും സ്നേഹത്തോടെയുള്ള വചനങ്ങളിലും ഹദീഥുകളിൽ വന്നിട്ടുള്ളതുപോലെ ഇക്കാര്യങ്ങൾ വന്നു പോകാറുണ്ട്. ഒരു സ്വഹാബി ആതിഥ്യം നല്കിയപ്പോൾ അല്ലാഹു അവരുടെ കാര്യത്തിൽ സന്തോഷിക്കുകയും ചിരിക്കുകയും ചെയ്തുവെന്ന് നിവേദനത്തിൽ വന്നിട്ടുണ്ട്. (ബുഖാരി കിതാബു മനാഖിബുൽ അൻസ്വാർ ഹദീഥു നമ്പർ 3798) എന്തായാലും പറയുന്നു:അതുകൊണ്ട് ഞാൻ പറയുന്നു, അല്ലാഹു ചിരിക്കുന്നത് സംഭാവ്യമാണെങ്കിൽ അല്ലാഹു കരയുന്നതും സംഭാവ്യമാകുമായിരുന്നു. ഏതൊരു നേരത്താണോ അല്ലാഹു മസീഹ് മൗഊദ്(അ)നോട് ഞാൻ നിന്നെ ലോകത്തിന്റെ പരിഷ്കരണത്തിനായി എഴുന്നേല്പിച്ചു നിറുത്തുന്നുവെന്ന് പറഞ്ഞത്, അദ്ദേഹം ക്ഷണത്തിൽ എഴുന്നേറ്റുനിന്നു. ആ ജോലി തന്നെക്കൊണ്ട് നടക്കുമോ എന്നൊന്നും അദ്ദേഹം ചിന്തിച്ചില്ല. ആ നേരത്ത് കരയുക എന്നത് അല്ലാഹുവിനെ സംഭാവ്യമായിരുന്നെങ്കിൽ അല്ലാഹു കരഞ്ഞിട്ടുണ്ടാകുമെന്ന് എനിക്കു തീർച്ചയായും അറിയാം. അല്ലാഹു ചിരിക്കുന്നത് സംഭാവ്യമാണെങ്കിൽ അവൻ തീർച്ചയായും ചിരിച്ചിട്ടുണ്ടാകും. ലോകരുടെ ദൃഷ്ടിയിൽ വിഡ്ഢിത്തപരമായവാദത്തിലായിരിക്കും അവൻ ചിരിക്കുക-അതും മുഴുലോകത്തിനുമെതിരിൽ നിസഹായനും ദുർബലനുമായ ഒരാളുടെ വാദത്തിൽ!

ആ ഏകനായ ആത്മാവ് അല്ലാഹുവിനുവേണ്ടി വെളിപ്പെടുത്തിയ ആ സ്നേഹവികാരത്തിലായിരിക്കും അല്ലാഹു കരഞ്ഞിട്ടുണ്ടാകുക. ഈ സത്യസന്ധമായ സുഹൃത് ബന്ധമായിരുന്നു അല്ലാഹുവിന് സമ്മതമായത്. ആ വർണത്തിലുള്ള സത്യസന്ധമായ സുഹൃത് ബന്ധംതന്നെയാണ് ലോകത്ത് പ്രയോജനപ്പെടുന്നത്. പിന്നീട് അവിടന്ന് രണ്ടു സ്നേഹിതന്മാരുടെ -ദരിദ്രന്റേയും സമ്പന്നന്റേയും ഞാൻ പറഞ്ഞ സംഭവം വിവരിച്ചു. അദ്ദേഹം പറഞ്ഞു, ലോകത്തിന്റെ ഭാഷയിൽ ഈ സുഹൃത്ബന്ധത്തിന്റെ അങ്ങേയറ്റം സുന്ദരമായ ഉദാഹരണമാണ് ആദ്യം വിവരിച്ചു കഴിഞ്ഞിട്ടുള്ളത്. മനുഷ്യൻ അത്തരം വികാരങ്ങൾ കണ്ട് തന്റെ മനസ്സിൽ ശക്തമായ കോളിളക്കം അനുഭവിക്കാതിരിക്കാൻ സാധ്യമല്ല. എന്നാൽ, ഇതേ സുഹൃത്ബന്ധത്തിന്റെ പ്രകടനം നബി(സ)തിരുമേനി തന്റെ അല്ലാഹുവിനുവേണ്ടി വെളിപ്പെടുത്തുന്ന ആ സുഹൃത്ബന്ധത്തിന്നെതിരിൽ ഒന്നുമല്ല. അവിടെ ഓരോ ചുവടിലും പ്രയാസങ്ങളുണ്ടാകുന്നു. അവിടെ ഓരോ ചുവടിലും ത്യാഗങ്ങൾ സമർപിക്കേണ്ടി വരുന്നു. അവിടെ ഓരോ ചുവടിലും പ്രയാസങ്ങൾകൊണ്ട് ബുദ്ധിമുട്ടേണ്ടിവരുന്നു. അതുകൊണ്ട് നബിമാർ തങ്ങളുടെ ദൈവത്തിനുകൊടുത്ത മറുപടി ആ ദരിദ്രനായ മനുഷ്യൻ സമ്പന്നന് കൊടുത്തതിനെക്കാൾ ഉന്നത നിലയിലുള്ളതായിരുന്നു. ബുദ്ധിപരമായ ദൃഷ്ടികൾകൊണ്ട് അതിനെ നോക്കുകയാണെങ്കിൽ, തർക്കശാസ്ത്രത്തിന്റെ(ലോജിക്) ദൃഷ്ടിയിലൂടെ അതിൽ ചിന്തിക്കുകയാണെങ്കിൽ ആ ദരിദ്രമനുഷ്യന്റെ ഈ പ്രവൃത്തി ചിരിക്കാനുള്ള വക നല്കുന്നതായി കാണുന്നു. കാരണം ആ സമ്പന്നൻ ആയിരക്കണക്കിന് തൊഴിലാളികളും പ്രവർത്തകരുമുള്ള ആളാണ്. അവരൊക്കെയുള്ളപ്പോൾ ഈ മനുഷ്യന്റെ ഭാര്യ കൂടുതലായി എന്തു സേവനമാണ് ചെയ്യേണ്ടിയിരുന്നത്? ഇതുപോലെതന്നെ അയാൾ ലക്ഷാധിപതിയുമായിരുന്നു. അയാളുടെ മുമ്പിൽ നൂറോ നൂറ്റമ്പതോ രൂപയുടെ പണസഞ്ചിക്ക് എന്തു പ്രസക്തിയാണുള്ളത്? അദ്ദേഹത്തിന് നിരവധി കാവൽക്കാരും സംരക്ഷകരുമുണ്ടായിരുന്നു. അയാൾക്കെന്തിനാണ് ആ സ്നേഹിതന്റെ വാള്? എന്നാൽ, സ്നേഹാവേശത്തള്ളിച്ചയാൽ തന്റെ വാൾ എന്തു പ്രയോജനം ചെയ്യുമെന്ന് അയാൾ ചിന്തിച്ചില്ല. തന്റെ നിസാരമായ തുക എന്തു ഫലം ചെയ്യുമെന്ന് അയാൾ ചിന്തിച്ചില്ല. തന്റെ നിസാരയായ ഭാര്യക്ക് എന്തു സേവനം ചെയ്യാൻ കഴിയുമെന്നും അയാൾ ചിന്തിച്ചില്ല. അയാളുടെ ഒരേയൊരു വിചാരം തന്റെ കൈയിലുള്ളത് സമർപിക്കുക എന്നതായിരുന്നു. സ്നേഹത്തിന്റെ ആവേശത്തള്ളിച്ച ഉണ്ടാകുന്ന നേരത്ത് ബുദ്ധി പ്രവർത്തിക്കുകയില്ല. സ്നേഹം ബുദ്ധിയെ പിന്നാക്കം വലിച്ചെറിയുന്നു. പിന്നീട് ആ സ്നേഹം സ്വയമേവ മുന്നിൽ വരുന്നു; പരുന്ത് കോഴിക്കുഞ്ഞിന്റെമേൽ ആക്രമണം നടത്തുമ്പോൾ കുഞ്ഞുങ്ങളെ കോഴിഅമ്മ ഒരുമിച്ചുകൂട്ടി തന്റെ ചിറകിൻകീഴിൽ ഒളിപ്പിക്കുന്നതുപോലെ! ചില ഘട്ടങ്ങളിൽ സ്നേഹം ചെയ്യുന്ന ചില പ്രവർത്തികൾ കാണുമ്പോൾ ലോകം അതിന് ഭ്രാന്തത്വമെന്ന് വിധിയെഴുതാറുണ്ട്. എന്നാൽ, വാസ്തവമെന്താണെന്നുവച്ചാൽ ആ ഉന്മാദം ഭൗതികമായ എല്ലാ ബുദ്ധികളെക്കാളും കൂടുതൽ വിലപിടിപ്പുള്ളതായിരിക്കും. ഭൗതികമായ സകലബുദ്ധികളും ആ ഒരു ഉന്മാദപരമായ പ്രവർത്തിയിൽ ബലിയർപിക്കപ്പെടുന്നതാണ്. കാരണം യഥാർഥ ബുദ്ധി എന്നു പറയുന്നത് സ്നേഹത്തിൽനിന്നുണ്ടാകുന്നതാണ്. ഇത് ഓർമവെക്കേണ്ട കാര്യമാണ്. നബിക്കും വിളി വരുമ്പോൾ, ഭൂമിയും ആകാശവും സൃഷ്ടിച്ചവനായ അല്ലാഹു, ആദരവും പ്രൗഢിയും സൃഷ്ടിച്ചവനായ അല്ലാഹു, രാജാക്കന്മാരെ ദരിദ്രനും ദരിദ്രനെ രാജാവുമാക്കുന്ന അല്ലാഹു, ഭരണകൂടങ്ങൾ സ്ഥാപിക്കുകയും ഭരണകൂടങ്ങളെ തകർക്കുകയും ചെയ്യുന്ന അല്ലാഹു, സമ്പത്ത് നല്കുകയും സമ്പത്ത് തിരിച്ചെടുക്കുകയും ചെയ്യുന്ന അല്ലാഹു, ജീവിതവിഭവം നല്കുകയും ജീവിതവിഭവം തട്ടിപ്പറിച്ചെടുക്കുകയും ചെയ്യുന്ന അല്ലാഹു, ഭൂമിയുടേയും ആകാശത്തിന്റേയും ഓരോ അണുവിന്റേയും പ്രപഞ്ചത്തിന്റെ ഉടമസ്ഥനുമായ അല്ലാഹു ദുർബലനും നിരാലംബനുമായ മനുഷ്യനെ വിളിച്ചു പറയുന്നു, 'എനിക്കു സഹായം വേണം, എന്നെ സഹായിക്കുക' അപ്പോൾ ആ ദുർബലനും നിരാലംബനുമായ മനുഷ്യൻ ബുദ്ധികൊണ്ട് പ്രവർത്തിക്കുകയില്ല. അല്ലാഹുവേ! നീ എന്താണ് ഇപ്പറയുന്നത്? നീ സഹായത്തിന് ആശ്രിതനാണോ? നീ ആകാശത്തിന്റേയും ഭൂമിയുടേയും രാജാവാണല്ലോ? ദുർബലനും നിരാലംബനും ദരിദ്രനുമായ ഞാൻ നിനക്കെന്തു സഹായം ചെയ്യാനാണ് എന്നൊന്നും അയാൾ ചോദിക്കുകയില്ല. അയാളങ്ങനെ പറയുകയുമില്ല. മറിച്ച് ദുർബലതയുടേയും നിസഹായതയുടേയും ബലഹീനതയുടേയും ശരീരവുമായി എഴുന്നേറ്റു നില്ക്കുന്നു. ഞാൻ ഹാജറായിരിക്കുന്നു. ഞാൻ ഹാജറായിരിക്കുന്നു എന്നു പറയുന്നു. സ്നേഹത്തിന്റെ വെളിച്ചത്തിൽനിന്ന്

EDITOR
H.SHAMSUDDIN
Mobile : +91-84376-99866
Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

Vol-1 Thursday 31 March 2016 Issue-4

MANAGER
NAWAB AHMAD
Tel : (0091) 1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

അല്പമെങ്കിലും അംശമെടുത്തിട്ടുള്ളവനല്ലാതെ ആർക്കാണ് ഈ വികാരങ്ങളുടെ ആഴത്തിന്റെ അളവെടുക്കാൻ കഴിയുക. അവിടന്ന് പറയുന്നു: 'മുമ്പേയും പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്. ഇന്നേക്ക് 50 വർഷം മുമ്പേ,(ഇന്നത് 126 വർഷം മുമ്പേയാണ്)അതേ അല്ലാഹു വീണ്ടും വിളിക്കുകയും ഖാദിയാനിലെ കുഗ്രാമത്തിൽ കിടന്ന ഒരുമനുഷ്യനോടു 'എനിക്കു സഹായത്തിന്റെ ആവശ്യമുണ്ട്, ലോകം എന്നെ നിന്ദ്യനാക്കിയിരിക്കുന്നു, എനിക്ക് ലോകത്ത് ഒരു ആദരവുമില്ല, എന്റെ പേരെടുക്കുന്ന ആരും ലോകത്തില്ല, ഞാൻ നിസഹായനും നിരാലംബനുമായിരിക്കുന്നു, അല്ലയോ എന്റെ ദാസാ! എന്നെ സഹായിക്കുക എന്ന് പറയുകയും ചെയ്തു. അയാളാണെങ്കിൽ ആരാണ് തന്നോടിങ്ങനെ പറയുന്നതെന്ന് ചിന്തിച്ചില്ല. ആരാണോ സംബോധന ചെയ്തത്, ആരെയാണോ സംബോധന ചെയ്തത് എന്നൊന്നും അയാൾ നോക്കിയില്ല. തന്നെ വിളിക്കുന്നവന്റെ പക്കൽ എന്തെന്തെല്ലാം ശക്തിയുണ്ടെന്ന് അയാളുടെ ബുദ്ധി പറഞ്ഞില്ല. തനിക്ക് അവനെ എങ്ങനെ സഹായിക്കാൻ കഴിയുമെന്നും ചിന്തിച്ചില്ല. അല്ലാഹുവിനോടുള്ള സ്നേഹം ആ മനുഷ്യന്റെ മനസ്സിൽ ഒരു തീ കൊളുത്തി. അല്ലെങ്കിൽ സന്ദേശം വന്നുകിട്ടിയപ്പോൾ അതൊരു തീ കൊളുത്തി. ഉന്മാദനായിക്കൊണ്ട് തന്നെ ഒരു വസ്തുവുമായി കരുതാതെ ആവേശത്താൽ എഴുന്നേറ്റുനിന്നു പറഞ്ഞു, 'എന്റെ റബ്ബേ! ഞാൻ ഹാജറായിരിക്കുന്നു. എന്റെ റബ്ബേ! ഞാൻ ഹാജറായിരിക്കുന്നു. എന്റെ റബ്ബേ! ഞാൻ ഹാജറായിരിക്കുന്നു.' നശിക്കുന്നതിൽ നിന്ന് ദീനിനെ ഞാൻ രക്ഷിക്കുന്നതാണ്." (അൽഫള്ൽ 1940 ജനുവരി 25 വാള്യം 28 നമ്പർ 15 പേജ് 8-10)

'ഇന്ന് നമ്മൾ അല്ലാഹുവിന്റെ സ്നേഹത്തിൽ വിലയം പ്രാപിച്ചതും അല്ലാഹുവിന്റെ സന്ദേശത്തെ ലോകത്ത് പ്രചരിപ്പിക്കുമെന്ന് പ്രതിജ്ഞ ചെയ്ത് എഴുന്നേറ്റുനിന്നിട്ടുള്ളതുമായ ഒരു വ്യക്തിയെ വിശ്വസിക്കുന്നുവെന്നും അല്ലാഹുവിന്റെ പ്രിയപ്പെട്ട നബി(സ)തിരുമേനിയുടെ സത്യസന്ധനായ ദാസന് ബയ്അത്ത് ചെയ്തുവെന്നും വാദിക്കുന്നുവരാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വരവോടെ അല്ലാഹുവിന്റെ വാഗ്ദാനം പൂർത്തിയായെന്നും നബി(സ)തിരുമേനിയുടെ പ്രവചനം പുലർന്നുവെന്നും ഇസ്ലാം അതിന്റെ പുനരുദ്ധാരണ ഘട്ടത്തിൽ പ്രവേശിച്ചുവെന്നും ഇനി ഹദ്റത്ത് മസീഹ് മൗഊദ്(അ)മുഖേന ഇത് ലോകത്തിന്റെ എല്ലാ കോണുകളിലും എത്തുമെന്നും ഇന്ന് നമ്മൾ മനസ്സിലാക്കുന്നെങ്കിൽ-ഈ ജോലിയിൽ നമ്മൾ അദ്ദേഹത്തെ സഹായിക്കുമെന്നു പറഞ്ഞാണ് ബയ്അത്ത് പ്രതിജ്ഞചെയ്തിട്ടുള്ളതെന്നോർക്കുക. അപ്പോൾ നമ്മിളിലുള്ള എല്ലാവിധ കഴിവുകളോടും കൂടി -അത് കുറച്ചാകട്ടെ കൂടുതലാകട്ടെ-നമ്മളും അവിടത്തെ വിളിക്ക് ഉത്തരം നല്കിക്കൊണ്ട് മുന്നോട്ടു വരേണ്ടതാണ്. അല്ലാഹുവിനോടും അവന്റെ റസൂലിനോടും അവന്റെ മസീഹിനോടുമുള്ള നമ്മുടെ സ്നേഹത്തിന്റെ പ്രകടനം കാഴ്ചവെക്കേണ്ടതാണ്. നമ്മുടെ അവസ്ഥകളിൽ പരിശുദ്ധ മാറ്റം വരുത്തേണ്ടതാണ്. നമ്മുടെ കൂറിന്റെ നിലവാരം ഉയർത്തേണ്ടതാണ്. ആ ദരിദ്രനായ സുഹൃത്ത് തന്റെ സമ്പന്നനായ സുഹൃത്തിനുവേണ്ടി എന്തിനും തയ്യാറായിരുന്നതുപോലെ എല്ലാ ത്യാഗങ്ങൾക്കും നമ്മൾ തയ്യാറായിരിക്കേണ്ടതാണ്. അല്ലാഹു അതിനു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ.

**പേജ് 2ൽ നിന്ന്**

ആ സ്വഹാബി പറഞ്ഞു. അല്ലാഹുവിന്റെ റസൂലേ, എന്തെങ്കിലും വസിയത്ത് ചെയ്താലും. അപ്പോൾ നബി(സ)പറഞ്ഞു. അല്ലാഹുവിനോടു തഖ്വയുള്ളവരായിരിക്കുക. കേൾക്കൂ! അനുസരണം നിങ്ങളുടെ ശീലമാക്കിത്തീർക്കുക. അതായത് ആര് നിങ്ങളുടെ മേൽനോട്ടക്കാരനായി നിയമിക്കപ്പെട്ടാലും ഇമാം അല്ലെങ്കിൽ ഖലീഫ തിരഞ്ഞെടുക്കപ്പെട്ടാലും അവരെ പൂർണമായും അനുസരിക്കുക; ഒരു ഗ്രാമീണനായ അടിമയാണെങ്കിൽപോലും! ഓർമിക്കുക. എനിക്കുശേഷം ജീവിച്ചിരിക്കുന്നവർ ധാരാളം ഭിന്നിപ്പുകൾ കാണും. അപ്പോൾ എന്റെ സുന്നത്തിനേയും ഖുലഫാഉർ റാശിദീന്റെ സുന്നത്തിനേയും നിർബന്ധമായും മുറുകെപിടിക്കുക. പൂർണമായും അതിനെ അനുസരിക്കുക. ശക്തമായി അതിൽ നിലകൊള്ളുക. പുതിയ പുതിയ കാര്യങ്ങളിൽനിന്ന് രക്ഷപ്പെടുക. കാരണം എല്ലാ പുതിയ കാര്യങ്ങളും അനാചാരമാണ്. എല്ലാ അനാചാരവും വഴികേടാണ്." (മിശ്ക്കാത്തുൽ മസ്വാബീഹ്)

പ്രസ്തുത ഹദീഥിൽ നബി(സ) തിരുമേനി തന്റെ ശേഷം വരുന്ന ഖിലാഫത്തിന്റെ പ്രാധാന്യം ഉമ്മത്തിനെ കേൾപ്പിച്ചിരിക്കുന്നു. ഖലീഫമാരെ അനുസരിക്കണമെന്ന് താക്കീതു ചെയ്തു പറഞ്ഞിരിക്കുന്നു. കാരണം ഇതിനുമാത്രമേ അഭിപ്രായ ഭിന്നതകളിൽനിന്നും കക്ഷിഭേദങ്ങളിൽനിന്നും ഫിത്നകളിൽനിന്നും രക്ഷിക്കാൻ സാധിക്കുകയുള്ളു. ഋജുവായ മതത്തിന്റെ സംസ്ഥാപനത്തിനും സംരക്ഷണത്തിനുമുള്ള മാർഗവും ഇതുതന്നെ. ഈ ഹദീഥ് സൂറത്തുന്നൂറിലെ ഇസ്തിഖ്ലാഫിന്റെ വചനത്തെ വ്യഖ്യാനിക്കുകയും വിശദീകരിക്കുകയും ചെയ്തിരിക്കുന്നു. അതുപോലെതന്നെ ഖിലാഫത്തിന്റെ വാഗ്ദാനം അനശ്വരമായിരിക്കുമെന്ന് എടുത്തു പറയുകയും ചെയ്തിരിക്കുന്നു. എന്നാൽ, അതു ലഭിക്കുന്നതിനും അതിനെ സംരക്ഷിക്കുന്നതിനും വിശ്വസിക്കേണ്ടതും സൽകർമം ചെയ്യേണ്ടതും നിർബന്ധമായ നിബന്ധനയാണ്.

## ഇസ്ലാമും സംഘടിത ജീവിതവും:

നബി(സ)തിരുമേനിയുടെ മുകളിൽ പറഞ്ഞ നിർദേശത്തിൽനിന്ന് ഈ ഭൂമിയിൽ എപ്പോഴും പരിപൂർണമായും മാർഗദർശനം നല്കിക്കൊണ്ടിരിക്കുന്ന വ്യക്തികൾ ഉണ്ടായിരിക്കുമെന്ന് വ്യക്തമായ തെളിവ് ലഭിക്കുന്നു. മറുഭാഗത്ത് ഇസ്ലാമിൽ സംഘടിത ജീവിതത്തിന്റെ സങ്കല്പവും ആവശ്യകതയും പ്രകടമാകുന്നു. കാരണം ഹദീഥിൽ അനുസരണത്തെ സ്വന്തം ശീലമാക്കിമാറ്റണമെന്ന് പറഞ്ഞിരിക്കുന്നു. എത്രത്തോളം പറഞ്ഞിരിക്കുന്നുവെന്നാൽ ഗ്രാമീണനായ ഒരു അടിമയെ നേതാവാക്കിയാലും അനുസരിച്ചുകൊള്ളണം. ചുരുക്കത്തിൽ പ്രകൃതിമതം അതായത് ഇസ്ലാം സംഘടിതജീവിതത്തെ അംഗീകരിക്കുന്നുവെന്നു മാത്രമല്ല അതിന്റെ പ്രാധാന്യം ഉൾക്കൊള്ളുകയും ചെയ്യുന്നു. സംഘടിതജീവിതം ഇമാമില്ലാതെ സംഭാവ്യമല്ല. പരിശുദ്ധ വചനമായ ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ് ദീനുൽ ഇസ്ലാമിന്റെ അസലാണ്. അത് സംഘടിത ജീവിതത്തിന് കെട്ടുറപ്പുള്ളതും ശക്തവുമായ ഒരു അടിത്തറ പ്രദാനംചെയ്യുന്നു. ഈ പരിശുദ്ധ വചനം അല്ലാഹുവിന്റെ തൗഹീദിനേയും പ്രവാചകത്വത്തേയും സമ്മതക്കുന്നുവെന്നു മാത്രമല്ല ആഗോള ഇസ്ലാമിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കുമുള്ള മാർഗവും കൂടിയാണ്. ആഗോള ഇസ്ലാമിന്റെ ഐക്യത്തിനുമാത്രമല്ല വിവിധ മതാനുയായികൾ ഇതുമായി ബന്ധപ്പെട്ടു വരുന്നതിനാൽ ആഗോള സമാധാനത്തിനും ഉറപ്പായ ജാമ്യമായിക്കൊണ്ടുപോകുന്നതാണ്. ഇൻശാ അല്ലാഹ്.

ഈ കലിമ അഥവാ പവിത്ര വചനം ഇസ്ലാമിന്റെ മാത്രം പ്രത്യേകതയാണ്. ഇക്കാരണത്താലാണ് വിശുദ്ധ ഖുർആനിൽ അല്ലാഹു മുഅ്മിനീംകളെ സംബോധന ചെയ്യുന്നിടത്തെല്ലാം ബഹുവചനം ഉപയോഗിച്ചിട്ടുള്ളത്. ഉദാഹരണത്തിന് യാ അയ്യുഹല്ലദീന ആമനൂ! അല്ലയോ വിശ്വാസികളേ! അബൂദാവൂദിൽ വന്നിട്ടുള്ള ഒരു ഹദീഥാണ്, അല്ലയോ മുസ്ലീംകളേ! നിങ്ങൾ ഇത് നല്ലവണ്ണം അറിഞ്ഞുകൊള്ളുക, നിങ്ങളുടെ ശാന്തിയുടേയും സമാധാനത്തിന്റേയും ജാമ്യം 'അൽജമാഅത്ത്' മാത്രമാണ്. ഓർക്കുക, ആട്ടിൻ പറ്റത്തിൽനിന്ന് വേർപെട്ടുപോകുന്ന ആട് ചെന്നായുടെ ഭക്ഷണമായിത്തീരുന്നു. *അലയ്ക്കും ബിൽമാഅത്തി ഫ ഇന്നമാ യഅ്കുലുദ്ദിഅ്ബു മിനൽഗനമിൽ ഖാസിയത്തി.(അബൂദാവൂദ്)*

## ഖിലാഫത്തെ റാശിദാക്കു ശേഷമുള്ള അവസ്ഥകൾ:

ദാറുൽഉലൂം ദേവബന്ദിന്റെ മുൻ സെക്രട്ടറി പരേതനായ മൗലാനാ ഖാരി മുഹമ്മദു ത്വയ്യിബ് സാഹിബ് 1944 ഏപ്രിൽ 1 ന് സിന്ധ് സംസ്ഥാനത്ത് സംഘടിപ്പിച്ച ഭാരത ജംഇയത്തുൽ ഉലമായുടെ സമ്മേളനത്തിൽ മതവും രാഷ്ട്രീയവും എന്ന വിഷയത്തെ അധികരിച്ച് നടത്തിയ തന്റെ അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു: അങ്ങനെ ഖിലാഫത്തെ റാശിദയും അതിന്റെ അവസാനവും അതായത് ഉമറുബ്നു അബ്ദുൽ അസീസിനുശേഷം (അത് ആ മൂന്നു ഘടകങ്ങളുടേയും സമ്പൂർണ രേഖാചിത്രവും വൻവിജയങ്ങളുടെ യഥാർഥ കാലഘട്ടവുമായിരുന്നു). മുസ്ലീംകളുടെ അധഃപതനത്തിന്റെ പരമ്പരയിൽ ഒന്നാമത്തെ വിജയം നിലച്ചു. പിന്നീട് രാജ്യങ്ങളോരോന്നും കൈയിൽനിന്ന് പോകാൻ തുടങ്ങി. അതിനുശേഷം ആഭ്യന്തരമായ ബലഹീനതകൾ പൊങ്ങുകയും വ്യവസ്ഥിതികളിൽ ക്രമരാഹിത്യം പരക്കുകയും അവസാനം കഷ്ടകാലത്തിന്റേയും അപജയത്തിന്റേയും നാളുകൾ വരാനും തുടങ്ങി.'

വീണ്ടും പറയുന്നു: 'ഇതിനു കാരണം മുസ്ലീംകളുടെ മുന്നിൽ യഥാർഥലക്ഷ്യസ്ഥാനം ഇല്ലായിരുന്നു എന്നതാണ്. ഇനി ഉണ്ടായിരുന്നെങ്കിൽത്തന്നെ അത് നേടാനുള്ള മാർഗം ഇല്ലായിരുന്നു. ഇനി മാർഗം ഉണ്ടായിരുന്നെങ്കിൽത്തന്നെ അതിലൂടെ നടക്കുന്നതിന് ധാർമികമായ കെല്പുണ്ടായിരുന്നില്ല. ഇനി അതുണ്ടെങ്കിൽത്തന്നെയും അതിലൂടെ നടത്താൻ ഒരു കേന്ദ്രമുണ്ടായിരുന്നില്ല. തന്റെ അറിവും സൽസ്വഭാവുംകൊണ്ട് ആനിശ്ചിത വ്യവസ്ഥിതിയിലൂടെ അവരെ കൊണ്ടു നടക്കാൻ ഇമാം ഉണ്ടായിരുന്നില്ല. ഇനി അങ്ങനെയൊരാൾ ഉണ്ടെങ്കിലും കക്ഷിഭേദംകൊണ്ട് അയാളെ അംഗീകരിക്കാൻ ആരും തയ്യാറായിരുന്നുമില്ല.

ചുരുക്കത്തിൽ ഈ മൂന്നു ഘടകങ്ങളും അതായത് വൈജ്ഞാനികശക്തി, ധാർമികശക്തി, സംഘടനാശക്തിയുടെ അധഃപതനം ദുഷ്ഫലങ്ങൾക്ക് കാരണമായി.(ഖുത്ബാത്തെ ഹക്കീമുൽ ഇസ്ലാം ജദീദ് തർത്തീബ്, വാള്യം 5 പേജ് 467, പ്രസാധകർ മക്തബ റശീദിയ്യ ദേവ്ബന്ധ് യു.പി)

(തുടരും)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badr, at Fazle-Umar Printing Press Qadian, Harchowal Road Po. Qadian, Distt. Gurdaspur-143516, Punjab, India. And published at office of the Weekly Badr Moh- Ahmadiyya, Harchowal Road P.o Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin